സിംഹാസനം

സ്വർണ്ണനിറത്തിലും Stainless steel (ക്രോമിയം) നിറത്തിലും Bombay Safe സ്കൂരിക രൂപ്പ് യോജിച്ച സിംഹാസത്തിനു, അളവെട്ടു് എഴുതുക.

A. N. T. JOSEPH PHONE: 6
METAL WORKS
VALAPAD

Reg: No K. 61

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വരിസംഖ്യ മുൻകൂട്ടി

	പോസ്റ്റ്പഴി	പോസ്റ്റ്വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
കേവലം	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 127 | 1965 മേയ് 15 ശനി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ചീന രണ്ടാമത്തെ അണുബോമ്പു പൊട്ടിച്ചു

മാതൃരാജ്യത്തിന്റെ സംരക്ഷണവും അമേരിക്കൻ ഭീഷണിയെ നേരിടലുമാണ് ലക്ഷ്യമെന്നു ഔദ്യോഗികകമ്മ്യൂണിക്കേ

(പി. ടി. ഐ.) പീക്കിങ്ങ് മെയ് 14

ചീന അതിന്റെ രണ്ടാമത്തെ അണുബോമ്പ് പൊട്ടിച്ചതായി ന്യൂചൈനാ വാർത്താ ഏജൻസി റിപ്പോർട്ടു് ചെയ്തിരിക്കുന്നു.

ഒരു ഔദ്യോഗിക കമ്മ്യൂണിക്കേ ഉദ്ധരിച്ചുകൊണ്ടു് ന്യൂസ് ഏജൻസി ഇപ്രകാരം പറഞ്ഞു.

"ചീന അതിന്റെ പശ്ചിമഭാഗത്തു് ഇന്നു പീക്കിങ്ങു് സമയം 10 മണിക്കു് മറ്റൊരു അണുബോമ്പു് പൊട്ടിച്ചു. അങ്ങനെ ചീനയുടെ രണ്ടാമത്തെ അണുബോമ്പുസ്പോടനം വിജയകരമായി പര്യവസാനിച്ചിരിക്കയാണു്.

1964 ഒക്ടോ. 16നു് നടത്തിയ ആദ്യത്തെ അണുബോമ്പുസ്പോടനത്തിനുശേഷം തങ്ങളുടെ ദേശീയപ്രതിരോധത്തിന്റെയും മാതൃരാജ്യത്തിന്റെ ഭദ്രതയുടെയും ലോകസമാധാനത്തിന്റേയും കാര്യത്തിൽ ചൈനീസ് ജനത മറ്റൊരുനേട്ടംകൂടി കൈവരിച്ചിരിക്കുന്നു.

നിശ്ചിതമായ പരിധിക്കുള്ളിലാണു് ചീന അണുബോമ്പുസ്പോടനം നടത്തിയതെന്നും അമേരിക്കയുടെ അണുഭീഷണിയെ നേരിടുകയും എല്ലാ അണുവായുധങ്ങളുടേയും നിരോധനം സാധിക്കുകയുമാണു് തങ്ങളുടെലക്ഷ്യമെന്നു് കമ്മ്യൂണിക്കേയിൽ പറയുന്നു.

....

സാന്തോഡൊമീങ്കോയിൽ വീണ്ടും കഴപ്പു്

(റോയിട്ടർ) വാഷിംഗ്ടൺ സെ. 14

സാന്തോഡൊമീങ്കോയിലെ 'ഭരണഘടനാ' ഗവണ്മെണ്ടിന്റെ വക ഒരു റേഡിയോസ്റ്റേഷൻ തകർക്കുകയും യു എസ്. എംബസ്സിക്കു സമീപമുള്ള ഒരു പ്രദേശം വളയുകയും ചെയ്തു വിമാനങ്ങൾ 'പുനർനിർമ്മാണ' ഗവണ്മെണ്ടിന്റെ കീഴിലുള്ള സാൻ ഇസിദ്രോ വിമാനത്താവളത്തിൽനിന്നാണ് പുറപ്പെട്ടതെന്നു് അമേരിക്ക സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് ഇന്നു് പ്രസ്താവിച്ചിരിക്കുന്നു.

വിമാനങ്ങൾ പുറപ്പെട്ടതു് ബ്രിഗേഡിയർ ജനറൽ അൻറോണിയോ ബെറാസ് ഇമ്പെർട്ടിന്റെ നേതൃത്വത്തിലുള്ള, 'പുനർനിർമ്മാണ' ഗവണ്മെണ്ടിന്റെ ഉത്തരവനുസരിച്ചാണെന്നും അമേരിക്കയുടെ അറിവോടുകൂടിയല്ലെന്നുംസ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് ഉടൻതന്നെ പറഞ്ഞു.

'ഭരണഘടനാ' ഗവണ്മെണ്ടു് വിപ്ലവക്കാരും 'പുനർനിർമ്മാണ'ഗവണ്മെണ്ടും തമ്മിൽ വ്യാപകമായ പോരാട്ടം നടന്നുവരികയാണു്. സംഘടിപ്പിച്ചിട്ടുള്ളതു്.

....

കരാറനുസരിച്ചുള്ള മുഴുവൻ അരിയും ലഭിക്കും

[പി. ടി. ഐ] കല്ക്കത്ത, മേ. 13

നിലവിലുള്ള കരാറനുസരിച്ചു് ഏറ്റിരുന്ന മുഴുവൻ അരിയും പാക്കിസ്ഥാൻ ഗവണ്മെണ്ടു് ഉടനുതന്നെ നൽകുന്നതാണെന്നു് ഇവിടെ വിവരം ലഭിച്ചിരിക്കുന്നു.

കരാറനുസരിച്ചു് പാക്കിസ്ഥാൻ നൽകേണ്ട 30,000ടൺ അരിയിൽ 10,000 ടൺ അരിമാത്രമാണു് ഇതുവരെയായി ഇന്ത്യക്കു് നൽകിയിട്ടുള്ളതു്.

കിഴക്കൻ പാക്കിസ്ഥാനിൽനിന്നും കല്ക്കത്തക്കു് നൽകിയിരുന്ന മത്സ്യവിതരണം പ്രായോഗികമായി അവസാനിച്ചിരിക്കുകയാണു്. പൊതുലൈസൻസു് അനുസരിച്ചു് കി. പാക്കിസ്ഥാൻ ദിവസേന 1000 മണ്ണു് മത്സ്യം കല്ക്കത്തക്കു് കയറ്റി അയച്ചിരുന്നു. കഴിഞ്ഞ കുറച്ചുദിവസങ്ങളായി ഇതു് നിശ്ശേഷം നിലച്ചിരിക്കുകയാണു്.

... .

ആസ്ത്രേലിയൻ സ്ഥാനപതി അധികാരപത്രം നൽകി

ന്യൂഡൽഹി, മേ. 13

ആസ്ത്രേലിയായുടെ നിയുക്ത ഹൈക്കമ്മീഷണർ സർ ആർതർ. ഹാരോൾഡ് താങ്കെ രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണൻ വശം സ്നേറ അധികാരപത്രം സമർപ്പിയിരിക്കുന്നു. (പി.ടി.ഐ)

നിരോധനം ഏർപ്പെടുത്തിയിട്ടില്ല

[പി. ടി. ഐ] ന്യൂഡൽഹി, മേ. 14

പൂർവ്വപാക്കിസ്ഥാനിൽനിന്നും ഇന്ത്യയിലേക്കുള്ള ന്യൂനപക്ഷസമുദായാംഗങ്ങളുടെ പ്രവേശനത്തിന്മേൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നതിനെ കേന്ദ്രപുനരധിവാസമന്ത്രി മി. മഹാവീർ ത്യാഗി ഇന്നു് രാജ്യസഭയിൽ നിഷേധിച്ചിരിക്കുന്നു.

....

മഹാരം കഴപ്പും സംബന്ധിച്ചു് 43_പേർ അറസ്റ്റിൽ

ബോംബെ, മേ. 14

ഇന്നലെ ഉണ്ടായ മഹാരാഷ്ട്രാസംഭവങ്ങൾ സംബന്ധിച്ചു് ഇതുവരെ 43 പേരെ അറസ്റ്റു ചെയ്തിരിക്കുന്നു. ഡോൻഗ്രെ പോലീസ് സ്റ്റേഷനു് നേരെ കോപാകുലരായ ജനക്കൂട്ടം കല്ലേറു നടത്തിയതിന്റെ ഫലമായി 7 ഓഫീസർമാർ ഉൾപ്പെടെ 20 പോലീസുക്കാർക്കു് പരുക്കേല്ക്കുകയുണ്ടായി.

(പി. ടി. ഐ)

ഭാഷാക്കമ്മീഷൻ റിപ്പോർട്ടു് പൂർത്തിയായില്ല

(പി ടി ഐ) ന്യൂഡെൽഹി മേ. 14

ഭാഷാപ്രശ്നത്തെപ്പറ്റി റിപ്പോർട്ടു സമർപ്പിക്കാൻ നിയമിക്കപ്പെട്ട കമ്മീഷൻ അതിനുള്ള ശ്രമത്തിലാണെങ്കിലും അതു പൂർത്തിയായിട്ടില്ലെന്നു് ഇന്നു രാജ്യസഭയിൽ പ്രസ്താവിച്ചു.

....

കൊച്ചുകള്ളന്മാർ!

(പി ടി ഐ)ബോംബെ, മേ. 14

നഗരത്തിൽ, കാറവാളികളായ കുട്ടികളെ പാർപ്പിച്ചിരുന്ന മൂന്നു സ്ഥാപനങ്ങളിലെ ജോലിക്കാർ പണിമുടക്കിലേർപ്പെട്ടതിനെത്തുടർന്നു്, പ്രസ്തുത അവസരം പ്രയോജനപ്പെടുത്തിക്കൊണ്ടു് അവയിലുണ്ടായിരുന്ന 307 കുട്ടികളും രക്ഷപ്പെട്ടിരിക്കുന്നു. നഗരമാകെ പോലീസും അവരെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

കഴിഞ്ഞ അർദ്ധരാത്രിയിലാണു് ഇവയിലെ ജീവനക്കാർ അനിശ്ചിതകാലത്തേയ്ക്കു് പണിമുടക്കാരംഭിച്ചതു്. തങ്ങളുടെ ശമ്പളത്തിൽ 5 രൂ. വർദ്ധനവു് അനുവദിക്കണമെന്നതാണു് അവരുടെ ആവശ്യം.

ചിൽഡ്രൻസ് എയ്ഡു് സൊസൈറ്റി നടത്തുന്ന ഈ മൂന്നു സ്ഥാപനങ്ങളിലായി ആകെ 1200 കുട്ടികളാണുണ്ടു്.

ഇവരിൽ കുറേപ്പേർ ചേർന്നു് ആക്രമിച്ചതിന്റെ ഫലമായി ഒരു പോലീസ് കോൺസ്റ്റബിളിനും 9 കോൺസ്റ്റബിൾമാർക്കും പരിക്കു പറ്റി.

പാക് ചാരൻ പ്രതിരോധ വിവരങ്ങൾ ശേഖരിച്ചു

[പി ടി ഐ] ന്യൂഡൽഹി, മേ. 14

ഇയാളുടെ അറസ്റ്റു ചെയ്യപ്പെട്ട 11 പേരടങ്ങുന്ന പാക് ചാരസംഘത്തിലെ പ്രധാനപ്രതി പ്രതിരോധകാര്യങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖകളും ശേഖരിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നു് ഡെപ്യൂട്ടി അഭ്യന്തരമന്ത്രി എൽ. എൻ. മിശ്ര ഇന്നു രാജ്യസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

....

മുഴലിക്കാറ്റിൽ മരിച്ചവർ 314_ആയി

[പി ടി ഐ] കറാച്ചി, മേ 14

ഈ ആഴ്ച പൂർവ്വപാക്കിസ്ഥാനിലുണ്ടായ മുഴലിക്കാറ്റിന്റെ ഫലമായി 314 പേരെങ്കിലും മരിച്ചിട്ടുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടുന്നു. മരിച്ചവരുടെ എണ്ണം ഇതിലും വളരെ ഉയർന്നിരിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഡക്കയിൽമാത്രം ഇരുപതിനായിരംപേരെങ്കിലും ഭവനരഹിതരായിട്ടുണ്ടു്.

നൂറുഅഭയാർത്ഥികുടുംബങ്ങൾ ഭവനരഹിതരായി

അഗർതല, മേ 14

ഇന്നലെ ത്രിപുരയിൽ ഉണ്ടായ മുഴലിക്കാറ്റിനെത്തുടർന്നു് അരുന്ധതിനഗർ ഉദയ്പൂർ, തുടങ്ങിയ അഭയാർത്ഥിക്യാമ്പുകളിലെ നൂറിലധികം കുടുംബങ്ങൾ ഭവനരഹിതരായി. അവയ്ക്കെല്ലാം തൽക്കാലികഷെഡുകളിലും സ്കൂൾകെട്ടിടങ്ങളിലും അഭയം നൽകി.

ജീവാപായമുണ്ടായതായി ഇതുവരെ റിപ്പോർട്ടില്ല വാർത്താവിനിമയസൗകര്യങ്ങളും വിഛേദിക്കപ്പെട്ടിട്ടുണ്ടു്.

....

തിരഞ്ഞെടുപ്പു നയം പഴയതുതന്നെ

ഇ. എം. എസ്സിന്റെ പ്രസംഗം

[പി. ടി. ഐ.] കോട്ടയം, മേ. 14

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തന്റെ കക്ഷി അനുവർത്തിച്ച അതേനയംതന്നെയായിരിക്കും അടുത്ത തിരഞ്ഞെടുപ്പുകളിലും തങ്ങളും പിന്തുടരുക എന്നു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവു് ശ്രീ. ഇ. എം. എസ്. ശങ്കർ നമ്പൂതിരിപ്പാടു് ഇവിടെവെച്ച പ്രസ്താവിച്ചിരിക്കുന്നു. സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഇടതുപക്ഷ ജനാധിപത്യ ശക്തികൾ കഴിയുന്നതു സൗകര്യം നേടിയെടുക്കുകയും അതേ സമയം കോൺഗ്രസ്സിന്റെ സൗകര്യം ചൂഷണംചെയ്യുകയുമാണു് തന്ത്രം ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോൺഗ്രസ്സിനെ സഹായിക്കുന്ന തങ്ങളുടെ നയത്തിൽ വലതുപക്ഷ കമ്മ്യൂണിസ്റ്റുകാർ മാറാരം വരുത്തുകയാണെങ്കിൽ അവർക്കു് കഴിയുന്നതു സൗകര്യം ലഭിക്കുന്നതിനു ഇടതുപക്ഷക്കാർ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

....

മുൻ പ്രതിപക്ഷ നേതാവു് മന്ത്രിസഭാംഗമായി

ഉത്തരപ്രദേശ് മന്ത്രിസഭയിൽ ഒരാൾകൂടി

(പി. ടി. ഐ.) ലക്നൊ മേ. 14

ഉത്തരപ്രദേശ് നിയമസഭയിലെ മുൻപ്രതിപക്ഷ നേതാവായ മി. ജെങ്കാ സിംഗ്, ഒരു മന്ത്രിസഭാംഗമായി ഇന്നു് സത്യപ്രതിജ്ഞചെയ്തു് അധികാരത്തിൽ പ്രവേശിച്ചിരിക്കുന്നു.

അനേകം വർഷക്കാലം അദ്ദേഹം പ്രജാസോഷ്യലിസ്റ്റ് പാർട്ടി മെമ്പറായിരുന്നു. കഴിഞ്ഞ വേനൽക്കാലത്തു് അദ്ദേഹം കക്ഷിമാറി. മുൻധനകാര്യമന്ത്രി മി കമലാപതി ത്രിപാതി യു. പി. സി. സി. പ്രസിഡണ്ടായിരുന്നപ്പോൾ വന്ന ഒഴിവിലേയ്ക്കാണു് ഇപ്പോൾ ഈ നിയമനം നടന്നതു്. ഇതൊരു മന്ത്രിസഭാവികസനമല്ലെന്നും ഒരു ഒഴിവുനികത്തിയതാണെന്നും മുഖ്യമന്ത്രി ശ്രീമതി സുചേതാകൃപലാനി, സത്യപ്രതിജ്ഞാ ചടങ്ങിനുശേഷം പത്രലേഖകരോടു് പറഞ്ഞു.

പുതിയ മന്ത്രിയുടെ വകുപ്പു പിന്നീടു് നിശ്ചയിച്ചു ചെയ്യുന്നതായിരിക്കും.

....

ഡെൽഹിയുടെ ഭാവി

(പി. ടി. ഐ) ന്യൂഡെൽഹി മെ. 14

ഡെൽഹിയുടെ ഭാവി ഘടനയെപ്പറ്റി എത്രയും വേഗം ഒരു തീരുമാനം പ്രതീക്ഷിക്കാമെന്നു് ആഭ്യന്തരമന്ത്രി നന്ദ ഇന്നു് രാജ്യസഭയെ അറിയിച്ചു.

—

കേരള കോൺഗ്രസ് സംസ്ഥാന കൺവെൻഷൻ

പതാകയും ചാക്കോയുടെ പൂണ്ണകായചിത്രവും തൃശ്ശൂരിലെത്തി

തൃശ്ശൂർ മേ. 14

നാളെയും മറന്നാളുമായി ഇവിടെ നടക്കുന്ന കേരള കോൺഗ്രസ് സംസ്ഥാന കൺവൻഷനിലേക്കുള്ള പതാകയും: പി. ടി. ചാക്കോയുടെ ഒരു പൂർണ്ണകായചിത്രവും ഞാകമാലി രക്തസാക്ഷി കല്ലറയിൽനിന്നും കൊളുത്തിയ ദീപശിഖയും ഇന്നിവിടെ കൊണ്ടുവരികയുണ്ടായി.

പതാകയും ചിത്രവും ദീപശിഖയും സംവഹിച്ചുകൊണ്ടുള്ള ജീപ്പുകളെ അനുഗമിച്ചുകൊണ്ടുള്ള കാറുകളിലും ജീപ്പുകളിലുമായി തെക്കൻഭാഗത്തുനിന്നുള്ള അനേകം കേരള കോൺഗ്രസ്നേതാക്കൾ ഇവിടെ എത്തിയിട്ടുണ്ടു്. പതാകവാഹകരേയും വഹിച്ചുള്ള ജീപ്പിലായി ഒരു ജീപ്പിൽ കേരളകോൺഗ്രസ് പ്രസിസണ്ടു് ശ്രീ. കെ. എം. ജോർജ്ജ് എഴുന്നേറ്റുനിന്നിരുന്നു. സ്വാഗതസംഘം അദ്ധ്യക്ഷൻ ശ്രീ. ബി. സി വറ്റിസ്സും ജീപ്പിലുണ്ടായിരുന്നു.

തൃശ്ശൂർ ജില്ലയുടെ വിവിധഭാഗങ്ങളിൽ ലഭിച്ച സ്വീകരണങ്ങൾക്കു ശേഷമാണു് ജാഥ ഇവിടെ എത്തിച്ചേർന്നതു്.

....

തിരഞ്ഞെടുപ്പു നയം പഴയതുതന്നെ

ഇ. എം. എസ്സിന്റെ പ്രസംഗം

[പി. ടി. ഐ.] കോട്ടയം, മേ. 14

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തന്റെ കക്ഷി അനുവർത്തിച്ച അതേനയംതന്നെയായിരിക്കും അടുത്ത തിരഞ്ഞെടുപ്പുകളിലും തങ്ങളും പിന്തുടരുക എന്നു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവു് ശ്രീ. ഇ. എം. എസ്. ശങ്കർ നമ്പൂതിരിപ്പാടു് ഇവിടെവെച്ച പ്രസ്താവിച്ചിരിക്കുന്നു. സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഇടതുപക്ഷ ജനാധിപത്യ ശക്തികൾ കഴിയുന്നതു സൗകര്യം നേടിയെടുക്കുകയും അതേ സമയം കോൺഗ്രസ്സിന്റെ സൗകര്യം ചൂഷണംചെയ്യുകയുമാണു് തന്ത്രം ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോൺഗ്രസ്സിനെ സഹായിക്കുന്ന തങ്ങളുടെ നയത്തിൽ വലതുപക്ഷ കമ്മ്യൂണിസ്റ്റുകാർ മാറാരം വരുത്തുകയാണെങ്കിൽ അവർക്കു് കഴിയുന്നതു സൗകര്യം ലഭിക്കുന്നതിനു ഇടതുപക്ഷക്കാർ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

....

സ്റ്റെയ്സ്സിയെ മോചിപ്പിച്ചു

ബോംബേയിൽ കൊണ്ടുചെന്നു് നാടുകടത്തും

[പി. ടി. ഐ.] കോയമ്പത്തൂർ മെയ് 14

ആവശ്യമായ അനുവാപത്രങ്ങളില്ലാതെ ഷേക്കബ് ഉള്ളായെ സന്ദർശിച്ചതിനു് അറസ്റ്റ് ചെയ്യപ്പെട്ട് കോയമ്പത്തൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്ന ഇ. പത്രപ്രവർത്തകനായ മി. ടോം സ്റ്റെയ്സ്സിയെ ഇന്നലെ പുലർച്ചെ മോചിപ്പിച്ചിരിക്കുന്നു.

സ്റ്റെയ്സ്സിയെ പോലീസ് ബോംബേയിലെത്തുള്ള ഒരു വിമാനത്തിലാക്കി.

ഇന്ത്യൻ ഫോറിനേഴ്സ് ആക്ടനുസരിച്ചു്, ഉടനടി ഇന്ത്യ വിടണമെന്നും ഇനി ഇന്ത്യയിൽ പ്രവേശിക്കരുതെന്നുമുള്ള ഒരു നിരോധനഉത്തരവു് ആഭ്യന്തര വകുപ്പിലെ ഒരുദ്യോഗസ്ഥൻ സ്റ്റെയ്സ്സിയെ ഏല്പിച്ചു.

ഒരു ഫോക്കർ ഫ്രണ്ട്ഷിപ്പു് വിമാനത്തിൽ കൊച്ചിവഴി ബോംബേയിലേയ്ക്കു സ്റ്റെയ്സ്സി പുറപ്പെട്ട. അവിടെനിന്നും അദ്ദേഹത്തെ നാടുകടത്തുന്നതാണു്.

കള്ളക്കടത്ത്

[സ്വ. ലേ] പാലക്കാടു്, മെയ്, 14

പാലക്കാടു് ജില്ലയിൽ ഒരു കള്ളക്കടത്തു് കേന്ദ്രമായി മറിയുന്നു എന്ന കാര്യം രഹസ്യമാണു്. പൊന്നും പണവുമൊന്നുമല്ല. നല്ല ഒന്നാം ക്ലാസ് അരി.

അരി ചാക്കുകണക്കിനു് ലോറിയിലും സ്റ്റാന്റേർഡ് ഇടയിലും ഇട്ടു് ടെർപ്പിനും സിൽക്കും ധരിച്ചു ഏതാനും പേർ ക്ലബിംഗ് ഗ്ലാസും സ്വർണ്ണവാച്ചും അണിഞ്ഞു് ഗമയിൽ ഇരുന്നു് കാറോടിച്ചുവരുന്നതാണു് ഈ ബിസിനസ് നടത്തുന്നതു്. ചിലപ്പോൾ പൂക്കളകളിട്ടു് കല്യാണകാറുകളെപ്പോലെയായിരിക്കും ഈ കള്ളക്കടത്തു് കാറുകളും ഓടുക.

കഴിഞ്ഞദിവസം ഏതാണ്ടു് മാതിരിയൊക്കെ ഒരു കാർ നിങ്ങുകയായിരുന്നു. കാറിൽ 8 ചാക്കു് അരിയുണ്ടായിരുന്നു. പിന്നിൽനിന്നു് ഒരു പോലീസ് വാൻ അകലെനിന്നു കതിച്ചുവരുന്നതു് ഡ്രൈവർ കണ്ടു. കാർ സ്റ്റീഡിൽതന്നെ വിട്ടു. എന്നാലും ഡ്രൈവർക്കു് ഒരു പരിഭ്രമം. പരിഭ്രമം മൂത്തപ്പോൾ വിറയലായി. അവസാനം കാർ യാക്കരവെച്ചു് ഒരു കനാലിലേയ്ക്കു മറിഞ്ഞു. അപായപ്പെടാതെ പുറത്തുകടന്ന ഡ്രൈവർ ചാടി ഓടി. അപ്പോഴേയ്ക്കും വാൻ കാർ മറിഞ്ഞ സ്ഥലത്തു് എത്തി. മറ്റൊരു സ്ഥലത്തേയ്ക്കു കതിക്കുകയായിരുന്നെങ്കിലും അപകടം കണ്ടപ്പോൾ കാർ നിർത്തി പരിശോധിച്ചു. കാറിൽ ആരുമില്ല. ചാക്കു് അരികിലുണ്ടു താനും.

ഏം. ഡി. സി. 6703ാം നമ്പർ കാറാണു് ഇങ്ങനെ മറിയപ്പെട്ടതു്. നനഞ്ഞ അരിയും കാറും പോലീസ് കസ്റ്റഡിയിലാണു്. ഡ്രൈവറെ കിട്ടിയിട്ടില്ല.

....

രാജസ്ഥാൻ മുഖ്യമന്ത്രിക്കെതിരായ ആരോപണം മെമ്മോറാണ്ടം ഗവണ്മെണ്ടു് പരിഗണിച്ചുവരുന്നുവെന്നു് നന്ദ

(പി ടി) ന്യൂഡൽഹി, മേ 14

രാജസ്ഥാൻ മുഖ്യമന്ത്രി മി. മോഹൻലാൽ സുഖാടിയാക്കെതിരായി ആരോപണങ്ങളും ഉൾക്കൊള്ളുന്ന ഒരു മെമ്മോറാണ്ടം ഗവണ്മെണ്ടിന്റെ പരിഗണനയിലുണ്ടെന്നു് അഭ്യന്തരകാര്യമന്ത്രി മി. നന്ദ ഇന്നു് രാജ്യസഭയിൽ പ്രസ്താവിച്ചു.

ഈ മെമ്മോറാണ്ടത്തിന്മേൽ ഗവണ്മെണ്ടു് എന്തു നടപടിയാണു് എടുത്തതെന്നു് നോട്ടീസിനു മി. ജി. കെ. കപ്പൂർ പോദിക്കുകയുണ്ടായി. രാജസ്ഥാൻ നിയമസഭയിലെയിലെ മെമ്പർമാരും പാർട്ടി മെമ്പർമാരുമടങ്ങിയ ഏതാനും മെമ്പർമാരുചേർന്നാണു് ഈ മെമ്മോറാണ്ടം പ്രധാനമന്ത്രിക്കു് നല്കിയതു്.

ചീനയുണ്ടാക്കിയ വെടിയുണ്ടകൾ കിട്ടി

[പി ടി ഐ] ന്യൂഡൽഹി, മേ. 14

കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ ഡെറാസൂനിലെ ഇന്ത്യൻ മിലിറ്ററി അക്കാഡമിയുടെ സമീപത്തുനിന്നും കണ്ടുകിട്ടിയ വെടിയുണ്ടകൾ ചീനയിൽ നിർമ്മിക്കപ്പെട്ടവയാണെന്നു് മന്ത്രി ജയ് സുഖ്ലാൽഹാഥി ഇന്നു് രാജ്യസഭയിൽ പ്രസ്താവിച്ചു.

....

ശാസ്ത്രി നൃത്തം കണ്ടു

[പി. ടി. ഐ] മോസ്കോ, മേ. 14

40 നിലകളുള്ള അംബരചുംബിയായ മോസ്കോ സർവ്വകലാശാല ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രി ഇന്നലെ സന്ദർശിച്ചു. പിന്നീടദ്ദേഹം പാടിസ് ലുമുംബാ സൌഹൃദസർവ്വകലാശാലയും സന്ദർശിക്കുകയുണ്ടായി. ഈ രണ്ടു സർവ്വകലാശാലകളിലുംകൂടി ഏകദേശം 200 ഇന്ത്യൻ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ടു്.

ബോൾഷോയി തീയേറ്ററിൽ സോവ്യറ്റ് പ്രധാനമന്ത്രി കോസിജിനുമൊത്തു് 'ഡോൺകിഷോട്ടു്' എന്ന റഷ്യൻ ബാലേനൃത്തം ശാസ്ത്രി വീക്ഷിച്ചു. പരിപാടിക്കുശേഷം ശാസ്ത്രി സ്റ്റെയിജിനു പിന്നിൽചെന്നു്, ഇന്ത്യയിൽനിന്നു വിമാനത്തിൽ കൊണ്ടുവരപ്പെട്ട ഒരുകൂട പൂക്കളും നൃത്തത്തിൽ പങ്കെടുത്തവർക്കു അദ്ദേഹം സമ്മാനിച്ചു.

—

ചൈനയുണ്ടാക്കിയ വെടിയുണ്ടകൾ കിട്ടി

[പി ടി ഐ] ന്യൂഡൽഹി, മേ. 14

കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ ഡെറാസൂനിലെ ഇന്ത്യൻ മിലിറ്ററി അക്കാഡമിയുടെ സമീപത്തുനിന്നും കണ്ടുകിട്ടിയ വെടിയുണ്ടകൾ ചീനയിൽ നിർമ്മിക്കപ്പെട്ടവയാണെന്നു് മന്ത്രി ജയ് സുഖ്ലാൽഹാഥി ഇന്നു് രാജ്യസഭയിൽ പ്രസ്താവിച്ചു.

....

രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ് പ്രവേശനത്തിനു് എഴുത്തുപരീക്ഷ നടത്തുന്നു

ന്യൂഡൽഹി, മേ 14

ഡൊഡ്ഡുണ്ണിലെ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജിൽ പ്രവേശനം നല്കുന്നതിനു് അപേക്ഷകരെ തിരഞ്ഞെടുക്കാൻ ഈ വർഷം ആഗസ്റ്റ് 17, 18 തീയ്യതികളിൽ രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽവെച്ചു് ഒരു പരീക്ഷ നടത്തുന്നതാണു്.

കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ 1966 ജനുവരി 1_ന 11 വയസ്സിൽ കുറയാത്തവരും 12 വയസ്സു് കഴിഞ്ഞിട്ടില്ലാത്തവരുമായിരിക്കണം. നിർദ്ദിഷ്ടഫോറങ്ങളിലുള്ള അപേക്ഷകളുടെ രണ്ടുപ്രതികൾ 1965ജൂണിലെ 15_നകം രക്ഷാധികാരി ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർക്കു് ലഭിച്ചിരിക്കണം.

....

ഗോവയെ തൊട്ടാൽ തങ്ങളുടെനിലനിൽപ്പാണു് മൈസൂർ മുഷ്ടിനു് പുറപ്പെടുന്നു

ന്യൂഡൽഹി, മേയ് 13

ഗോവയെ മഹാരാഷ്ട്രയുമായി യോജിപ്പിക്കാനുള്ള ഏതൊരു ശ്രമത്തേയും മൈസൂർ ശക്തിയുക്തം എതിർക്കുമെന്നു് ഒരു സംസ്ഥാന ഗവണ്മെണ്ടു് വക്താവു് യു.പി. എസ്സിനോടു് വ്യാഖ്യാനിച്ചിരിക്കുന്നു.

ഭാഷയുടെയോ, പ്രാദേശിക ചിന്തയുടെയോ, വികാരത്തിന്റെയോ ഫലമായല്ലാ, നേരേമറിച്ചു് സാമ്പത്തികവും യുക്തിപൂർണ്ണവുമായ കാരണങ്ങളാലാണു് ഇതു് ചെയ്യുന്നതെന്നുദ്ദേഹം പറഞ്ഞു. ഗോവയുടെ സമീപം കിടക്കുന്ന ഒമ്പതു് ജില്ലകളുമായി ഗോവയെ ലയിപ്പിക്കുമെങ്കിൽ മഹാരാഷ്ട്രയുടേയും വിഭവങ്ങളും പങ്കിട്ടു് വികാസം പ്രാപിക്കാൻ ഗോവയ്ക്കു് കഴിയുമെന്നാണുദ്ദേഹത്തിന്റെ അഭിപ്രായം. ഭക്ഷ്യവിഷയത്തിൽ പിന്നോക്കമായ ഗോവയ്ക്കു് ഷിമോഗ, ബൽഗാം, ധാർവാർ എന്നീ ജില്ലകളിൽനിന്നും ധാരാളം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുവാൻ കഴിയും. വിളനാശത്തിൽ ഗോവയെ സഹായിക്കുവാൻ പരിമിതമായി മാത്രമേ കഴിയൂ.

ഗോവയിലെ ജനങ്ങൾക്കു് മറാത്തി സംസാരിക്കുന്നതിൽ യാതൊരു വിമുഖതയും നേരിടുന്നതായില്ലെന്നുദ്ദേഹം പറഞ്ഞു. ഇപ്പോൾതന്നെ മറാത്തി വിദ്യാലയങ്ങളും സ്ഥാപിക്കുന്നതിനു് മൈസൂർ ഗവണ്മെണ്ടു് ധാരാളം പണം ചെലവിടുന്നുണ്ടു്. [യു. പി. എസ്.]

പെർമിറില്ലാതെ മരം മുറിച്ച കേസ് ഏതാനുംപേരെ ശിക്ഷിച്ചു

തളിപ്പറമ്പു്, മേ. 14

വയസ്സൂർ അംശത്തിലുള്ള പുളിക്കോടു ഗവണ്മെണ്ടു വനത്തിൽനിന്നും പെർമിറില്ലാതെ അനധികൃതമായി മരംമുറിച്ചെടുത്തതിനു് കുമ്മക്കട്ടിറാജി (കോഴിക്കോടു്), രാഘവൻനായർ മുതൽ 6 പേരുടെ പേരിൽ തളിപ്പറമ്പു് പോലീസ് ചാർജ്ജുചെയ്തിരുന്ന കേസ്സിൽ 4 പ്രതികൾക്കു് 200 രൂ. പിഴയോ അല്ലെങ്കിൽ രണ്ടുമാസത്തെ വെറുംതടവോ വിധിച്ചുകൊണ്ടും അബ്ദുറഹിമാൻ, അച്ചുതൻ എന്നീ രണ്ടു പ്രതികളെ വെറുതെവിട്ടുകൊണ്ടും തളിപ്പറമ്പു മജിസ്ട്രേട്ടു് വിധി പ്രസ്താവിച്ചിരിക്കുന്നു.

....

വനിതാകൃഷ്യുകേന്ദ്രം

പഴസ്സൽ, മേ

ಸಂಯುಕ್ತ ಕರ್ನಾಟಕ

ಸಂಪುಟ 90
ಸಂಚಿಕೆ 125

1965 ಅಕ್ಟೋ 15-ಬೆಂಗ-ಭಾನು

ಕೆಂಚಪ್ಪನಹಳ್ಳಿಯಲ್ಲಿ ಹೊಸ ಶಾಲೆ

ಕೆಂಚಪ್ಪನಹಳ್ಳಿ ಅಕ್ಟೋ 14: ಇಲ್ಲಿಗೆ ಸಮೀಪದ ಕೆಂಚಪ್ಪನಹಳ್ಳಿಯಲ್ಲಿ ಹೊಸದಾಗಿ ಪ್ರಾರಂಭವಾಗಿರುವ ಪ್ರಾಥಮಿಕ ಶಾಲೆಯನ್ನು ಇಂದು ಬೆಳಿಗ್ಗೆ ಶಾಲಾ ಆವರಣದಲ್ಲಿ ಜರುಗಿದ ಸಮಾರಂಭದಲ್ಲಿ ಶ್ರೀ ಎಂ. ಕೃಷ್ಣಪ್ಪ ಅವರು ಉದ್ಘಾಟಿಸಿದರು. ಶ್ರೀ ಕೃಷ್ಣಪ್ಪ ಅವರು ಕೆಂಚಪ್ಪನಹಳ್ಳಿಯ ಹಿರಿಯ ಪ್ರಾಥಮಿಕ ಶಾಲೆಯ ಹಳೆಯ ವಿದ್ಯಾರ್ಥಿ. ಅವರು ಈ ಶಾಲೆಯಲ್ಲಿ ಓದುತ್ತಿದ್ದಾಗ ಅಲ್ಲಿ ಕಲಿಕೆಯ ಸೌಲಭ್ಯಗಳು ಇಲ್ಲದಿರುವುದನ್ನು ಕಂಡು ಮರುಗಿದ್ದರು. ಈಗ ಅವರು ಶಾಲೆಯ ಉದ್ಘಾಟನೆಯ ಜೊತೆಗೆ ಶಾಲೆಗೆ ಒಂದು ಕೊಳವೆ ಬಾವಿಯನ್ನು ಕೊರೆಸಿಕೊಟ್ಟಿದ್ದಾರೆ.

ಶಾಲೆಯ ಉದ್ಘಾಟನೆಯ ಸಮಾರಂಭದಲ್ಲಿ ಮಾತನಾಡಿದ ಶ್ರೀ ಕೃಷ್ಣಪ್ಪ ಅವರು ಹಳ್ಳಿಗಾಡಿನ ಮಕ್ಕಳಿಗೆ ಶಿಕ್ಷಣ ಸೌಲಭ್ಯಗಳನ್ನು ಒದಗಿಸಿಕೊಡುವುದು ಸರ್ಕಾರದ ಮುಖ್ಯ ಕರ್ತವ್ಯವಾಗಿದೆ ಎಂದು ಹೇಳಿದರು. ಆದರೆ ಸರ್ಕಾರದ ಸಂಪನ್ಮೂಲಗಳು ಸೀಮಿತವಾಗಿರುವುದರಿಂದ ಸರ್ಕಾರವೊಂದೇ ಎಲ್ಲ ಕೆಲಸಗಳನ್ನು ಮಾಡಲು ಸಾಧ್ಯವಿಲ್ಲ. ಸಾರ್ವಜನಿಕರು ಸಹ ಸರ್ಕಾರದೊಂದಿಗೆ ಕೈಜೋಡಿಸಿ ಕೆಲಸ ಮಾಡಿದಾಗ ಮಾತ್ರ ಶಿಕ್ಷಣ ಸೌಲಭ್ಯಗಳನ್ನು ಹೆಚ್ಚಿಸಲು ಸಾಧ್ಯವಾಗುತ್ತದೆ ಎಂದು ಅವರು ಅಭಿಪ್ರಾಯಪಟ್ಟರು.

ಶ್ರೀ ಕೃಷ್ಣಪ್ಪ ಅವರು ಶಾಲೆಯ ಉದ್ಘಾಟನೆಯ ಜೊತೆಗೆ ಶಾಲೆಗೆ ಒಂದು ಕೊಳವೆ ಬಾವಿಯನ್ನು ಕೊರೆಸಿಕೊಟ್ಟಿದ್ದಾರೆ.

ಶಾಲೆಯ ಮುಖ್ಯೋಪಾಧ್ಯಾಯರಾದ ಶ್ರೀ ಎಂ. ಚಿಕ್ಕಣ್ಣ ಅವರು ಸ್ವಾಗತಿಸಿದರು. ಶ್ರೀ ಎಂ. ಕೃಷ್ಣಪ್ಪ ಅವರ ಹಿರಿಯ ಶಿಕ್ಷಕರಾಗಿದ್ದ ಶ್ರೀ ಎಂ. ಸಿದ್ದಪ್ಪ ಅವರು ಶಾಲೆಯ ಉದ್ಘಾಟನೆಯ ಸಮಾರಂಭದಲ್ಲಿ ಭಾಗವಹಿಸಿದ್ದರು. ಶ್ರೀ ಎಂ. ಸಿದ್ದಪ್ಪ ಅವರು ಶಾಲೆಯ ಉದ್ಘಾಟನೆಯ ಸಮಾರಂಭದಲ್ಲಿ ಭಾಗವಹಿಸಿದ್ದರು.

ബീഡി ചുരുട്ട് തൊഴിലാളികളുടെ ചുരുങ്ങിയ കൂലി നടപ്പാക്കാൻ സർക്കാരിനു് മനപ്രയാസം

സർ,

കേരളത്തിലെ ബീഡി ചുരുട്ട് തൊഴിലാളികളുടെ ചുരുങ്ങിയ കൂലി നിജപ്പെടുത്തുന്നതിനുവേണ്ടി നിയമിച്ചിരുന്ന കേരള ബീഡി ആൻറ് സിഗാർ മിനിമം വേജസ് കമ്മിററി അതിൻെറ റിപ്പോർട്ട് ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചുകഴിഞ്ഞിട്ട് മാസത്തിലേറെയായി. പ്രസ്തുത റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനാവശ്യമായ യാതൊരു നടപടിയും ഉത്തരവാദപ്പെട്ടവർ ഇന്നുവരെ കൈക്കൊണ്ടിട്ടില്ല. തൊഴിലാളികളുടെ നിരന്തരമായ നിവേദനങ്ങളുടേയും പ്രക്ഷോഭണങ്ങളുടേയും ഫലമായി നിയമിക്കപ്പെട്ട ഈ കമ്മിററി വളരെ വൈകിയാണ് അതിൻെറ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതുതന്നെ. കേരളത്തിൽനിന്നു് ആവശ്യമായ തെളിവുകൾ ശേഖരിച്ചതിന്നു് പുറമെ ദക്ഷിണേന്ത്യയിലെ മററു ചില സംസ്ഥാനങ്ങൾകൂടി സന്ദർശിച്ച് അവിടങ്ങളിലെ സ്ഥിതിഗതികൾ പഠിച്ചതിനുശേഷമാണ് മേല്പറഞ്ഞ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നറിയുന്നു. ഇത്രയൊക്കെ പാടുപെട്ടു തയ്യാറാക്കിയിട്ടുള്ളൊരു റിപ്പോർട്ട് യഥാവസരം അംഗീകരിച്ച് നടപ്പിൽവരുത്താതെ ഇങ്ങിനെ വെച്ചുകൊണ്ടിരിക്കുന്ന നടപടി ഒട്ടും ന്യായീകരിക്കത്തക്കതല്ല.

കേരളത്തിലെ ബീഡി ചുരുട്ട് വ്യവസായത്തിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളെ സംബന്ധിച്ചേടത്തോളം ചുരുങ്ങിയ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സമയം വളരെ അതിക്രമിച്ചിരിക്കുന്നു. നിലവിലുള്ള ജീവിതസൂചികയെ അടിസ്ഥാനപ്പെടുത്തി അതാതവസരങ്ങളിൽ ചുരുങ്ങിയ കൂലി പുതുക്കിനിശ്ചയിക്കണമെന്നാണ് ചട്ടം. ഈയൊരു വ്യവസായത്തിൽ ഇങ്ങിനെയൊരു സമ്പ്രദായം ഉണ്ടെന്നും ഇല്ലെന്നും പറയാവുന്ന ഒരു സ്ഥിതിയാണിന്നുള്ളതു്. ഇന്നിവിടെനിലവിലുണ്ടെന്നു് പറയുന്ന മിനിമംവേജ് (1000 ബീഡിക്ക് 1 ക 88 പൈസ) കേരളസംസ്ഥാനം രൂപമെടുക്കുന്നതിനു് മുമ്പ് തിരു-കൊച്ചിയിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിരുന്നതാണ്. സംസ്ഥാനത്തെ തൊഴിലാളികൾക്ക് ഇതിനേക്കാൾ ഉയർന്ന കൂലി ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നു് പറഞ്ഞാൽ മിനിമംവേജസ് അടിയന്തിരമായും റിവൈസ് ചെയ്യേണ്ടതാണെന്ന കാര്യം ആർക്കും ബോദ്ധ്യമാകുന്നതാണ്. ആയിരംബീഡി ഉല്പാദിപ്പിക്കുന്നതിന്നു് 2 ക മുതൽ 3 ക 25 പൈസവരെ കേരളത്തിൻെറ വിവിധഭാഗങ്ങളിൽ തൊഴിലാളികൾക്ക് കൂലിയായി ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നു കൂലിത്തോതിൽ ഇത്രയേറെ കുത്തഴിഞ്ഞൊരു വ്യവസ്ഥ കേരളത്തിലെ മറെറതെങ്കിലുമൊരു വ്യവസായത്തിൽ ഉണ്ടെന്നു് തോന്നുന്നില്ല. കൂലിയിലുള്ള ഈയൊരു വ്യത്യാസംകാരണം തൊഴിലാളികൾക്ക് നേരിടേണ്ടിവരുന്ന വിഷമതകളും വളരെ വലുതാണ്. ഈ ദുസ്ഥിതിക്കൊരു പരിഹാരം ഉണ്ടാക്കത്തക്കരീതിയിൽ തൊഴിലാളികളുടെ കൂലി ഏകീകരിപ്പിക്കുന്നതിനുള്ള നടപടികൾ അധികൃതന്മാർ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

ബീഡി സിഗാർ വ്യവസായത്തേയും തൊഴിലാളികളേയും ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് തെല്ലെങ്കിലും ആശ്വാസം നൽകാൻ സഹായിക്കുന്നൊരു നിയമം മുമ്പത്തെ നിയമസഭ പാസ്സാക്കിവെച്ചിട്ടുണ്ട്: ബീഡി ചുരുട്ട് വ്യവസായ പരിസരക്രമീകരണനിയമം. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചുകഴിഞ്ഞിട്ടുള്ള പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിന്നുള്ള സന്നദ്ധത സർക്കാർ ഇന്നുവരെ കാണിച്ചിട്ടില്ലെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. വ്യവസായത്തിൽ ഇടക്കിടെ ഉണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം ചൂണ്ടിക്കാണിക്കുന്നതിന്നുവേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള ബീഡി സിഗാർവ്യവസായ ബന്ധസമിതി (ഐ. ആർ. സി) യുടെ കാര്യവും മേല്പറഞ്ഞതിൽനിന്നും ഭിന്നമല്ല. പ്രസ്തുത സമിതി കേരളത്തെ മൂന്നു് മേഖലകളാക്കി തിരിച്ച് ഓരോ മേഖലകളിലേയും തൊഴിലാളികളുടെ കൂലിയും ക്ഷാമബത്തയും ഏകീകരിപ്പിച്ചുകൊണ്ടൊരു ശുപാർശ ഗവൺമെണ്ടിന്നു് സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശ അംഗീകരിച്ചുവെന്നല്ലാതെ അതു് നടപ്പിൽ വരുത്തുന്നതിനുള്ള യാതൊരു നടപടിയും ഗവൺമെണ്ട് ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഈ വ്യവസായത്തോടും തൊഴിലാളികളോടും സർക്കാർ കാണിക്കുന്ന അവഗണന പ്രതിഷേധാർഹമാണ്. കേരളത്തിലൊട്ടുക്ക് ഒരേ കൂലി വ്യവസ്ഥ നടപ്പിൽ വരുത്തണമെന്നുള്ളതു് അരലക്ഷത്തോളം വരുന്ന ബീഡിത്തൊഴിലാളികളുടെ ഒരു പ്രധാന ആവശ്യമാണ്. ഇപ്പോൾ സമർപ്പിക്കപ്പെട്ടിട്ടുള്ള മിനിമം വേജസ് അടിയന്തിരമായും, കർശനമായും നടപ്പിൽ വരുത്തിക്കൊണ്ടു് തൊഴിലാളികളുടെ ഈയൊരാവശ്യമെങ്കിലും പരിഹരിക്കപ്പെടേണ്ടതാണ്.

കെ. ആർ. ഉമ്മർ

....

ഇമ്പിച്ചിബാവയും കുഞ്ഞനും സ്വകാര്യത്തിൽ വന്നു് അലവൻസുവാങ്ങി

ന്യൂഡൽഹി, മേ. 12

രാജ്യരക്ഷാനിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെടേണ്ട രണ്ടു് ഇടതു പക്ഷ കമ്യൂണിസ്റ്റ് എം. പി. മാർ വീണ്ടും പോലീസിനെ പററിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെടുന്നു

ഒളിവിൽ കഴിയുന്ന ഇടതുപക്ഷകമ്യൂണിസ്റ്റ് എം. പി. മാരായ ഇമ്പിച്ചിബാവയും കുഞ്ഞനും കഴിഞ്ഞ ദിവസം രഹസ്യമായി പാർലിമെൻറിൽ എത്തി അലവൻസ് വാങ്ങിച്ചുകൊണ്ടുപോയതായി അറിയുന്നു. ഇതിനു മുൻപ് മറെറാരവസരത്തിലും ഇവർ ഇതേപോലെ ഇവിടെ എത്തി അലവൻസ് വാങ്ങിക്കൊണ്ടുപോയി എന്നുള്ളതും പ്രസ്താവ്യമാണ്.

....

കൈരളീ കലാകേന്ദ്രത്തിന്നു് കപ്പ്

കട്ടപ്പശ്ശേരി മേ. 12

തൃശ്ശൂർ ജില്ല കാത്തലിക് ലേബർ അസോസിയേഷൻെറ ഏഴാം വാഷികത്തോടനുബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽകല്ലേററുങ്കരവെച്ച് നടത്തിയ ഏകാങ്കനാടകമത്സരത്തിൽ കട്ടപ്പശ്ശേരി കൈരളീ കലാകേന്ദ്രം ഒന്നാം സമ്മാനമായ കപ്പ കരസ്ഥമാക്കിയിരിക്കുന്നു.

....

"ഗോവയ്യുപകരം" [illegible]

ന്യൂഡൽഹി, മേയ് 14

[illegible] ചലച്ചിത്രോത്സവത്തിൽ "ഗോവ"യ്യുപകരം "അടോഫൻറാസിയ" എന്ന ഡോക്യൂമെൻററി ചിത്രം പ്രദർശിപ്പിക്കാൻ ഫിലിംസ് ഡിവിഷൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

....

തൃശ്ശൂരിലെ പ്രദർശനം രണ്ടുലക്ഷത്തിൽപരം ആളുകൾ സന്ദർശിച്ചു

തൃശ്ശൂർ, മെ 13

തൃശ്ശൂരിൽ നടന്നുവരുന്ന കാഷിക-വിദ്യാഭ്യാസ-വ്യവസായിക പ്രദശനം ഇതുവരെയായി രണ്ടു ലക്ഷത്തിലേറെ ജനങ്ങൾ സന്ദശിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ഏപ്രിൽ23-ാംനു-ഉൽഘാടനം ചെയ്യപ്പെട്ട ഈ പ്രദശനം മേയ് 15-ാംനു-വരെ നടത്തുന്നതിനാണ് ആദ്യം നിശ്ചയിച്ചിരുന്നതു് എന്നാൽ ബഹുജനങ്ങളുടെ സൌകര്യാത്ഥം മേയ്21ാം തിയതിവരെ പ്രദശനം തുടന്നു നടത്തുന്നതിന്നു് തീരുമാനിച്ചിരിക്കുകയാണിപ്പോൾ.

....

ഗിരിവർഗ്ഗക്കാർക്ക് ആയുധങ്ങൾ വാങ്ങുവാൻ ധനസഹായം

തൃശ്ശൂർ, മെ 14

തൃശ്ശൂർ ജില്ലയിലുള്ള ഗിരിവഗ്ഗക്കാക്ക്, കൃഷി ആയുധങ്ങൾ, വിത്തു്, കാള എന്നിവ വാങ്ങുന്നതിന്നു് 300 ക. വീതം ധനസഹായം നൽകുന്ന പദ്ധതി അനുസരിച്ച് 1965_66 വഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകൾ 1965 ജൂൺ 15-ാംനു-ക്കകം കിട്ടത്തക്കവിധം തൃശ്ശൂർ, മുകുന്ദപുരം തലപ്പിള്ളി എന്നീ വെൽഫെയർ ഇൻസ്പെക്ടർമാർക്ക് അയക്കേണ്ടതാണ്.

....

മതിലകം ബി. ഡി. സി. യോഗം

മതിലകം, മെ. 13

മതിലകം ബ്ലോക്ക് ഡവലപ്പ്മെൻറ് കമ്മിററി മേയ് 17-ാംതിയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ബ്ലോക്ക് ഓഫീസിൽവച്ച് യോഗം ചേരുന്നതാണ്.

സോവിയററ് റഷ്യയാണ് ഇന്ത്യയുടെ ഉററമിത്രം

കാമരാജിൻെറ സോഷ്യലിസ്റ്റ പ്രേമം കാട്ട കയറുന്നു

അമേരിക്കയുമായി സഖ്യം വേണമെന്നു പറയുന്നത് പിൻതിരിപ്പന്മാരാണെന്നു്

കാരൈക്കുടി മെയ് 13

അമേരിക്കനായുധമുപയോഗിച്ച് ഇന്ത്യക്കെതിരേ പാകിസ്ഥാൻ നടത്തിയ ആക്രമണത്തെ അപലപിക്കാൻ മുതിരാത്ത അമേരിക്കയുമായി ഇന്ത്യ ഒരു സഖ്യത്തിൽ ചേരണമെന്നു പറയുന്നവർ, ഇന്ത്യയിൽ ജനാധിപത്യസോഷ്യലിസ്റ്റ് വ്യവസ്ഥിതി വരുന്നതു് തടസ്സപ്പെടുത്താൻ നിൽക്കുന്ന മുതലാളിത്താല്പര്യത്തിൻെറ ആളുകളാണെന്നു കാൺഗ്രസ്സ് പ്രസിഡണ്ട് കാമരാജ് പ്രഖ്യാപിച്ചിരിക്കുന്നു.

അമേരിക്കയുമായി ഇന്ത്യ ഒരു സൈനികസഖ്യത്തിൽ ഏർപ്പെടണമെന്നു് ആവശ്യപ്പെടുന്ന പ്രതിപക്ഷകക്ഷികൾ ഹീനമായ ഉദ്ദേശങ്ങളോടെയാണതു് പറയുന്നതെന്നു് കാമരാജ് പറഞ്ഞു. ഇവിടെചെയ്ത ഒരു പ്രസംഗത്തിലാണദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചതു്. അദ്ദേഹം ഇങ്ങിനെ തുടന്നു:

"സോവിയററ് യൂണിയനുമായുള്ള ഇന്ത്യയുടെ സൌഹാർദ്ദബന്ധങ്ങൾ ശക്തിപ്പെടുത്തണമെന്നു് ഈ പാർട്ടികൾ ആവശ്യപ്പെടാത്തതിൻെറ കാരണമെന്തെന്നു് എനിക്കു മനസ്സിലാവുന്നില്ല."

പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി തൻെറ സോവിയററ സന്ദർശനപരിപാടി റദ്ദാക്കണമെന്ന അഭിപ്രായംവരെ ചില കേന്ദ്രങ്ങൾ പുറപ്പെടുവിക്കുകയുണ്ടായെന്നും പരമാവധി ഖേദകരമായ ഒരവസ്ഥയാണിതെന്നും കാൺഗ്രസ്സ് പ്രസിഡണ്ട് പറഞ്ഞു. അദ്ദേഹം തൻെറ പ്രസംഗം ഇങ്ങിനെ തുടന്നു:—

'അമേരിക്കൻ ടാങ്കുകൾ ഉപയോഗിച്ചുകൊണ്ടു് ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ നടത്തിയ ആക്രമണത്തെ അപലപിക്കാൻ അമേരിക്ക ഇതുവരെ മുതിന്നിട്ടില്ല.

കച്ച്-സിന്ധ് അതിത്തിയിൽ പാകിസ്ഥാൻ നടത്തിയ ആക്രമണത്തിൻെറ സത്യാവസ്ഥ അമേരിക്കയിലെ പത്രങ്ങൾ മറച്ചുവയ്ക്കുകയാണ് ചെയ്തിരിക്കുന്നതു്.'

അമേരിക്കയുടെ ഈ രീതിയെ കാൺഗ്രസ്സ് പ്രസിഡൻറ് സോവിയററ് യൂണിയൻേറതിനോട് തുലനംചെയ്തുനോക്കി. കാശ്മീർ തക്കത്തിൽ ഇന്ത്യയുടെ ന്യായമായ നിലപാടിനെ സോവിയററ് യൂണിയൻ യു. എൻ. സെക്യൂരിറ്റി കൗൺസിലിൽ എന്നും പിൻതാങ്ങുകയാണ് ചെയ്തുവന്നിട്ടുള്ളതു് എന്ന വസ്തുത ചൂണ്ടിക്കാട്ടിക്കൊണ്ടു് കാമരാജ് തുടന്നു:—'ഒരു കമ്യൂണിസ്റ്റ് രാജ്യമായ ചൈന ഇന്ത്യയെ ആക്രമിച്ച സന്ദർഭത്തിൽ ചൈന ഇന്ത്യയെ ആക്രമിച്ചുവെന്നു് അസന്ദിഗ്ദ്ധമായിപ്പറയാൻ മറെറാരു കമ്യൂണിസ്റ്റ് രാജ്യമായ സോവിയററ് യൂണിയൻ മടികാണിച്ചില്ല.'

ഈ സാഹചര്യങ്ങളിൽ ഇന്ത്യയും അമേരിക്കയുമായി ഉററ സഹകരണം വേണമെന്നു് വാദിക്കുന്നവർ ഇന്ത്യയിലെ സ്ഥാപിതതാല്പര്യക്കാരും മുതലാളിമാരുമാണെന്നും കാമരാജ് പറഞ്ഞു. ഇന്ത്യയിൽ ഒരു ജനാധിപത്യസോഷ്യലിസ്റ്റ് സാമൂഹ്യക്രമം നടപ്പിൽ വരുന്നതിനെ തടസ്സപ്പെടുത്തുക എന്നതാണവരുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

....

റേഡിയോ

മേയ് 15 ശനി

തിരുവനന്തപുരം, കോഴിക്കോട്ട്, തൃശ്ശൂർ,

454.5, 441.2, 517.2 മീററർ

കാലത്തു്
6_30 മംഗളവാദ്യം
6_35 പരിപാടി ചുരുക്കം
6_40 വാത്തകൾ ഇംഗ്ലീഷിൽ
6_45 ഉദയഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാത്തകൾ മലയാളത്തിൽ
7_45 ഗാനപാഠം
8_00 വാത്തകൾ ഇംഗ്ലീഷിൽ
8_15 വാദ്യാട്ട്

ഉച്ചതിരിഞ്ഞ്
12_30 പ്രാദേശികവാത്തകൾ
12_35 തൊഴിലാളിമണ്ഡലം
1_05 വാദ്യവൃന്ദം
1_20 വാത്തകൾ മലയാളത്തിൽ
1_30 ചലച്ചിത്രഗാനങ്ങൾ
1_40 വാത്തകൾ ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ

രാത്രി
5_30 ശിശുലോകം
6_00 പ്രാദേശിക അറിയിപ്പുകൾ
6_05 പ്രാദേശികവാത്തകൾ
6_15 നാട്ടിൻപുറം
7_00 മലയാളപ്രഭാഷണം
7_10 നാടകഗാനങ്ങൾ
7_30 വാത്തകൾ മലയാളത്തിൽ
7_45 വെളിച്ചത്തിൻെറ മരണം (നാടകാവിഷ്കരണം)
8_15 നാടോടിപ്പാട്ടുകൾ
8_30 റേഡിയോന്യൂസ്റീൽ
8_45 ഗാനമഞ്ജരി
8_55 ഇന്നത്തെ ചിന്താവിഷയം
9_[illegible] വാത്തകൾ ഇംഗ്ലീഷിൽ
9_15 ജാഗ്രത
9_30 ഡെൽഹിറിലേ
10_00 വാദ്യാട്ട്
10_00 വാത്തകൾ ഇംഗ്ലീഷിൽ
11_05 സമാപനം

—

രണ്ടു് വെള്ളാനകളെ കുട്ടിലാക്കി

ന്യൂഡൽഹി മെ. 14

ആഭ്യന്തര വകുപ്പിലെ കേന്ദ്ര ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിലെ സ്പെഷ്യൽ പോലീസ് സ്ഥാപനവിഭാഗം1965 മാർച്ച് മാസത്തിൽ സ്വഭാവദൂഷ്യം, അഴിമതി എന്നിവയടങ്ങുന്ന 127 കേസുകൾ ആവശ്യമായ നടപടികളെടുക്കുന്നതിനു് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾക്ക് സമപ്പിച്ചു

ഇരുപത്തഞ്ച് ഗസററഡ് ആഫീസർമാരുൾപ്പെടെ 200 ഗവമ്മെണ്ടുജീവനക്കാർ ഈ കേസുകളിൽ ഉൾപ്പെട്ടിരുന്നു.

റിപ്പോർട്ടുകാലത്തു് 65 കേസുകളിൽ ഡിപ്പാർട്ടുമെൻറൽ ശിക്ഷ നൽകപ്പെട്ടു. രണ്ടു ഗസററഡ് ആഫീസർമാരും വേറെ 83 ഗവമ്മെണ്ടു ജീവനക്കാരും ഇങ്ങിനെ ശിക്ഷിക്കപ്പെട്ടു. ഒരു ഗസററഡ് ആഫീസറുടെ ശമ്പളവർദ്ധനവു് തടയുകയും മറെറാരാളെ താക്കീതുചെയ്യുകയുമുണ്ടായി. നോൺ_ഗസററഡ് ആഫീസർമാരിൽ ആറുപേരെ സർവ്വീസിൽനിന്നു് പിരിച്ചുവിടുകയും നാലുപേരെ സർവ്വീസിൽനിന്നു് നീക്കംചെയ്യുകയും രണ്ടുപേക്ക് നിബ്ബന്ധപെൻഷൻ നൽകുകയും നാലുപേരുടെ പദവിയും ആറുപേരുടെ ശമ്പളവും വെട്ടിക്കുറക്കുകയും ചെയ്തു. ഒരാൾ രാജിവെച്ചു. 31നോൺ_ഗസററഡ് ആഫീസർമാരുടെ ശമ്പളവർദ്ധനവു് തടയുകയും 29 പേരെ മററ നിലകളിൽ ശിക്ഷിക്കുകയുമുണ്ടായി.

....

മോട്ടോർ തൊഴിലാളി യൂണിയൻെറ അടിയന്തിരാവശ്യ വാരാചരണം

കാഞ്ഞാണി, മേയ് 14

കാഞ്ഞാണി മോട്ടോർ തൊഴിലാളി യൂണിയൻ ബസ്സുടമകൾക്ക് നൽകിയ മെമ്മോറാണ്ടത്തിലെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള സംഘടിത പ്രക്ഷോപണത്തിൻെറ ആദ്യപടിയായി മേയ് 14 മുതൽ 20വരെ അടിയന്തിരാവശ്യവാരമായി ആചരിക്കുകയാണ്. പ്രസ്തുത വാരാചരണവും ഓഫീസ്സ് ഉൽഘാടനം ചെയ്യുന്നതിനുവേണ്ടി ഇന്നലെ വൈകീട്ട് 6 മണിക്ക് കാഞ്ഞാണി സെൻററിൽ ഒരു പൊതുയോഗം ചേരുകയുണ്ടായി. യൂണിയൻ പ്രസിഡണ്ട് കെ. പി. പ്രഭാകരൻ ഓഫീസ് ഉൽഘാടനം ചെയ്തു. പിന്നീട് ചേന്ന പൊതുയോഗത്തിൽ ശ്രീ. കെ. പി. പ്രഭാകരൻ അദ്ധ്യക്ഷതവഹിച്ചു. ശ്രീ. പി. ടി. ജോണി സ്വാഗതംപറഞ്ഞു. ടി. കെ. കൃഷ്ണൻ, എ. എം. പരമൻ, ടി. ഡി. പാപ്പച്ചൻ, ടി. ഡി. അന്തോണി എന്നിവർ പ്രസംഗിച്ചു. തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ ഉടനടി നടപ്പാക്കാൻ ബസ്സുടമകളോടും ഇവ നടപ്പാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കാൻ കേരള ഗവമ്മെണ്ടിനോടും ആവശ്യപ്പെടുന്ന പ്രമേയവും അംഗീകരിച്ചു.

....

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ.] തിരുവനന്തപുരം, മേയ് 13

കേന്ദ്ര ഭക്ഷ്യ-കൃഷിവകുപ്പുമന്ത്രി ശ്രീ സി. സുബ്രഹ്മണ്യം മേയ് 18-നു- രാവിലെതിരുവനന്തപുരത്തെത്തുന്നതാണ്. അന്നു് ഉച്ചയ്ക്കുശേഷം അദ്ദേഹം സംസ്ഥാന ഭക്ഷ്യോപദേശകക്കമ്മിററി യോഗത്തിൽ സംബന്ധിക്കുന്നതും അന്നുദിവസം വൈകുന്നേരം ആലപ്പുഴക്ക് പോകുന്നതുമാണ്. മേയ് 20നു- രാവിലെ അദ്ദേഹം കുട്ടനാട്ടുപ്രദേശം സന്ദർശിക്കുന്നതും ഉച്ചയ്ക്കുശേഷം കോയമ്പത്തൂർക്ക് പോകുന്നതുമായിരിക്കും.

നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ

മോട്ടോർ അപകടങ്ങൾക്കിരയാകുന്നവരോ അവരുടെ അനന്തരാവകാശികളോ തേഡ് പാർട്ടി ഇൻഷ്വറൻസ് പദ്ധതിയനുസരിച്ചുള്ള നഷ്ടപരിഹാരത്തിനു് സ്റ്റേററ് ഇൻഷ്വറൻസ് ആഫീസുക്ക് അപേക്ഷകൾ സമപ്പിക്കുന്നതു് അപകടം സംഭവിച്ച് ആറു മാസത്തിനുള്ളിലായിരിക്കണമെന്ന ഗവമ്മെൻറ് നിർദ്ദേശിച്ചിരിക്കുന്നു.

പഞ്ചായത്താഫീസറെ സസ്പെൻറുചെയ്തു

കോട്ടയം ജില്ലയിൽപ്പെട്ട മാഞ്ഞൂർ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ആഫീസറായ ശ്രീ. കെ. ജെ. തോമസ്സിനെ ഔദ്യോഗിക ക്രമക്കേടുകൾക്ക് അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻറ ചെയ്തിരിക്കുന്നു.

എക്സ്കർഷൻ ഏജൻസികൾക്ക് അംഗീകാരം

സംസ്ഥാനത്തെ എക്സ്കർഷൻ ഏജൻസികൾക്ക് അംഗീകാരം നൽകുന്നതു് സംബന്ധിച്ച ചട്ടങ്ങൾ ഗവമ്മെൻറ് ആവിഷ്ക്കരിച്ചിരിക്കുന്നു. കേരളത്തിൽ ടൂറിസ്റ്റ് വ്യവസായ വികസനത്തിനു് പ്രോത്സാഹനം നൽകുകയാണ് എക്സ്കർഷൻ ഏജൻസികൾക്ക് അംഗീകാരം നൽകുന്നതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഇതനുസരിച്ച് അംഗീകാരത്തിനുള്ള അപേക്ഷകൾ ടൂറിസ്റ്റ് ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടതു്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കമ്യൂണിസ്റ്റ്പാർട്ടി ജില്ലാക്കമ്മിററി

കമ്യൂണിസ്റ്റ് പാർട്ടി തിരുവനന്തപുരം ജില്ലാക്കമ്മിററിയുടെ ഒരു യോഗം മേയ് 18-ാംനു- രാവിലെ 10 മണിക്കു ഡി. സി. ആഫീസിൽവെച്ചു കൂടുന്നതാണെന്നു് ജില്ലാ കമ്മിററി സെക്രട്ടറി അറിയിക്കുന്നു.

സിററി സർവീസുകളുടെ സമയം മാററുന്നു

മേയ് 16-ാം തിയതി മുതൽ സിറ്റി ബസ്സ് സർവീസുകളുടെ സമയങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതാണെന്നു് തിരുവനന്തപുരം സിററി ഡിസ്ട്രിക്ട് ട്രാൻസ്പോർട്ടു് ആഫീസർ അറിയിച്ചിരിക്കുന്നു.

....

സമിതിവാർഷികം

തൃശ്ശൂർ, മെ. 13

ഫാ. പീററർ ആളൂർ ജൂബിലി മെമ്മോറിയൽ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബിൻെറ രണ്ടാം വാഷികം സെൻറ് തോമസ് നഗറിൽ നടത്തപ്പെടുന്നതാണ്. വെരി. റവ. ഫാ. അബ്രാഹം വടാശ്ശേരി അദ്ധ്യക്ഷം വഹിക്കുന്ന പ്രസ്തുത സമ്മേളനത്തിൽ ടി. കെ. മാത്യു, റവ. ഫാ. പീററർ ആളൂർ എന്നിവർ പ്രസംഗിക്കും. ദിവ്യബലി എന്ന നാടകവും ഉണ്ടായിരിക്കുന്നതാണ്.

(സ്വ ലേ)

....

അരിക്കള്ളന്മാർക്ക് പിഴശിക്ഷ

നെയ്യാററിൻകര, മെ 14

നെയ്യാററിൻകര താലൂക്ക് സപ്ലൈ ആഫീസറുടെ പരിശോധനയിൽ കണ്ട ക്രമക്കേടുകൾക്ക് നെയ്യാററിൻകര ടൗൺ കോപ്പറേററീവ് അർബൻ ബാങ്ക് നമ്പർ 170-ാം നമ്പർ സൊസൈററിക്ക് 50 രൂപയും നെല്ലിമൂട് കോപ്പറേററീവ് സൊസൈററി നമ്പർ 2639നു് 25 രൂപയും, അമരവിള റീട്ടെയിൽ വ്യാപാരി ശ്രീമതി എ. നബീസാ ഉമ്മാൾക്ക് 10 രൂ. പയും ബാലരാമപുരം G. S 2338-ാം നമ്പർ സൊസൈററിക്ക് 25 രൂപയും C INDT 215 ബാലരാമപുരത്തിനു് 15 രൂപയും C. S. T. 14 ബാലരാമപുരത്തിനു് 10 രൂപയും കാഞ്ഞിരംകുളം സി. എസ്സ്. 3970 നു്25 രൂപയും, റീട്ടെയിൽ വ്യാപാരി വഴുത്തൂർ ശ്രീ. രാഘവപണിക്കർക്ക് 15 രൂപയും, നെയ്യാററിൻകര ഗവൺമെൻറ് സർവൻറ്സ് കോപ്പറേററീവ് സൊസൈററിക്ക് 5 രൂപയും പിഴ നിശ്ചയിച്ചും സ്റ്റോക്കിൽ കൂടുതലായി കണ്ട സാധനങ്ങളുടെ ഇരട്ടി വില ഈടാക്കുന്നതിനും താലൂക്ക് സപ്ലൈ ആഫീസർ ഉത്തരവിട്ടിരിക്കുന്നു.

(സ്വ ലേ)

തൊഴിലാളിയെ ഹോട്ടൽമുറിയിലിട്ടു മർദ്ദിച്ചു

ഹോട്ടലുടമസ്ഥനേയും മററും അറസ്റ്റ് ചെയ്തു

ഇരിങ്ങാലക്കുട മെ. 13

ഠാണാവിലെ ഒരു ചുമട്ടുതൊഴിലാളിയായ മേച്ചേരിപ്പടി പോൾ എന്ന ഒരു യുവാവിനെ ഹോട്ടൽ പാരീസിൻെറപിന്നിലുള്ള ഒരു മുറിയിൽ കൊണ്ടുപോയി ഹോട്ടലുടമസ്ഥൻ മുഹമ്മദും ശമ്പളക്കാരായ മററ നാലു പേരുംകൂടി ഭയങ്കരമായി മർദ്ദിച്ചു അവശനാക്കിയതായി ഒരു കേസ് ഉത്ഭവിച്ചിരിക്കുന്നു. മർദ്ദനമേററ യുവാവു പോലീസിൽ പരാതിപ്പെട്ടതനുസരിച്ചു ഹോട്ടലുടമസ്ഥനടക്കം മർദ്ദിച്ചഞ്ചു പേരേയും അറസ്റ്റ് ചെയ്തു ജാമ്യത്തിൽ വിട്ടിരിക്കുന്നു. പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു കൂടുതൽ അന്വേഷണം നടത്തിവരുന്നു. നാളെ ഠാണാവിൽ വെച്ച് ഈ മർദ്ദനത്തിൽ പ്രതിഷേധിക്കുവാൻ ഒരു പൊതുയോഗം ചേരുന്നതാണെന്നു് തൊഴിലാളികൾ അറിയിച്ചിരിക്കുന്നു.

....

ഒല്ലൂർ ലോക്കപ്പ് മർദ്ദനം

ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോടതിയിൽ കേസ് ഫയൽചെയ്തു

തൃശ്ശൂർ, മേയ് 13

ഒല്ലൂർ ലോക്കപ്പിൽവെച്ചു തന്നെ മദ്ദിച്ചുവെന്ന പരാതി സംബന്ധിച്ച് സി. ടി. പൈലോതു്, ഒല്ലൂർ സബ് ഇൻസ്പെക്ടർ, ഹെഡ്കൺസ്റ്റബിൾ രാമൻനായർ എന്നിവരെ പ്രതിചേർത്തുകൊണ്ടു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതിയിൽ ഒരു കേസ്സ് ഫയൽചെയ്തിരിക്കുന്നു.

ഒരു എതത്തക്കം സംബന്ധിച്ച കേസിൽ അറസ്റ്റുചെയ്തു സ്റ്റേഷനിൽ കൊണ്ടുവന്ന വേളയിലാണത്രേ മർദ്ദനം നടന്നതു്. മി. പൈലോതു് കുറെ നാൾ ആസ്പത്രിയിലായിരുന്നു.

കേസ് ഇന്നു ഫയലിൽ സ്വീകരിച്ചു് പ്രതികൾക്കും സാക്ഷികൾക്കും സമൻസയക്കുവാൻ ഉത്തരവിട്ടു് മേയ് 29-ാംനു-ക്ക് നീട്ടി.

....

ഒരു വെടിക്ക് രണ്ടുപക്ഷി

പന്നിയൂർ, മെയ് 13

ഒരു കേസന്വേഷണത്തിനു് പന്നിയൂരിൽ എത്തിയ തളിപ്പറമ്പ് സബ് ഇൻസ്പെക്ടർ അവിടത്തെ ഒരു ചായക്കടയിൽനിന്നു് ഏതാനും അളവിലുള്ള പാൽപ്പൊടി പിടിച്ചെടുത്തിരിക്കുന്നു. ഇതു് സംബന്ധിച്ച് മൊയ്തീൻ എന്നൊരാളെ അറസ്റ്റുചെയ്തു് അന്വേഷണം നടത്തിവരുന്നു.

....

തൃശ്ശൂർജില്ലയിലെ പദ്ധതിപ്രവർത്തനം

കഴിഞ്ഞവർഷം 95ശതമാനം ചിലവഴിച്ചു

തൃശ്ശൂർ, മെ 13

കഴിഞ്ഞ സാമ്പത്തികവഷത്തിൽ തൃശ്ശൂർ ജില്ലയിൽ വികസനപ്രവത്തനങ്ങൾക്കുവേണ്ടി നീക്കിവെച്ചിരുന്ന സംഖ്യയുടെ 95 ശതമാനവും വിനിയോഗപ്പെടുത്തുകയുണ്ടായി. ആകെ നീക്കിവെയ്ക്കപ്പെട്ടിരുന്ന 3:69,62,009 രൂപയിൽ 3,50,37,407 രൂപയും വിവിധ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു. അതിൽ 1,89,71,392 രൂപാ വിദ്യുച്ഛക്തി വികസനത്തിനു് മാത്രമായാണ് വിനിയോഗിച്ചതു്. കാഷികപ്ലാനപ്രവത്തനങ്ങൾക്കു 22,24,255 രൂപ ചിലവഴിക്കപ്പെട്ടു.

WANTED fully qualified hands within prescribed age limits for appointments in Schools under the management of St Ann's Girls' High School, Edathuruthy as H S A two History hands one physical Science and one Natural Science, one Mathematics and one Malayalam Pandit in temporary vacancies Retired qualified teachers below 59 years may also apply. Apply within 10 days by Registered post to the Manager with copy to the D E O Chowghat.

രാജ്യസഭ

ഹിന്ദി_മറാട്ടി ചിത്രങ്ങൾക്ക് സർക്കാർവായ്പ

ന്യൂഡൽഹി, മെ 13

ചലച്ചിത്ര ധനസഹായ കോപ്പറേഷൻ 1965 ഏപ്രിൽ 30-ാംനു-വരെഹിന്ദി ചലച്ചിത്രങ്ങൾക്ക് 5293604 ക. യും മറാത്തി ചലച്ചിത്രങ്ങൾക്ക് 893745 ക. യും വായ്പ നൽകിയിട്ടുണ്ടെന്നു് വാത്താവിതരണ-പ്രക്ഷേപണവകുപ്പുമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്നു് രാജ്യസഭയിൽ പ്രസ്താവിച്ചു. ഈ കാലത്തു് ഹിന്ദി ചലച്ചിത്രങ്ങൾ 3070631 ക. യും മറാത്തി ചലച്ചിത്രങ്ങൾ 673191 ക. യും കടിശ്ശിക വരുത്തിയിരുന്നുവെന്നു് അവർ തുടന്നു പറഞ്ഞു.

ശ്രീ. എസ്. കെ. വൈശമ്പായൻെറ ചോദ്യത്തിനു മറുപടി പറയുകയായിരുന്ന ശ്രീമതി ഗാന്ധി, വായ്പകൾ അനുവദിക്കുന്നതിൻെറ നടപടിക്രമത്തെ പരാമശിച്ച്, അപേക്ഷകൾ ക്രമമനുസരിച്ച് രജിസ്റ്റർചെയ്തശേഷം ആദ്യം കോർപ്പറേഷൻെറ സെക്രട്ടറിയും പിന്നീട് സാങ്കേതികഉപദേഷ്ടാവും സ്ക്രിപ്ട് കമ്മററിയും അവ പരിശോധിക്കുന്നുവെന്നു് മന്ത്രി പറഞ്ഞു. സ്ക്രിപ്ട് കമ്മററിയുടേയും സാങ്കേതിക ഉപദേഷ്ടാവിൻെറയും അഭിപ്രായങ്ങളും, അപേക്ഷയെക്കുറിച്ച് അന്തിമതീരുമാനമെടുക്കുവാൻ ഡയറക്ടർ ബോർഡിനു് സമർപ്പിക്കുന്നു. ഒരു ചലച്ചിത്രത്തിനു് ബോർഡ് പരമാവധി 3.5 ലക്ഷം ക. വായ്പനല്കുന്നതാണ്. കൂടുതൽ വലിയ വായ്പ രാഷ്ട്രപതിയുടെ അനുവാദത്തോടുകൂടിമാത്രമേ നൽകാറുള്ളു.

ചലച്ചിത്രങ്ങളുടെ നിലവാരം

ഇന്ത്യൻ ചലച്ചിത്രങ്ങളുടെ നിലവാരം താഴ്ന്നിട്ടുണ്ടെന്നോ ഇത്തരമൊരു അഭിപ്രായഗതിപൊതുജനങ്ങൾക്കിടയിൽ നിലവിലുണ്ടെന്നോ പറയുക പ്രയാസമാണെന്നു് ശ്രീ. എം. സി. ഷായുടെ ചോദ്യത്തിനു മറുപടിയായി ശ്രീമതി ഗാന്ധി പ്രസ്താവിച്ചു. അന്താരാഷ്ട്രീയമായ അംഗീകാരം ലഭിച്ച അനേകം ചലച്ചിത്രങ്ങൾ നിമ്മിക്കപ്പെട്ടിട്ടുണ്ട്. സെൻസർഷിപ്പിൻെറ നിലവാരംപരിശോധിക്കുന്നതിനു് പാർലിമെണ്ടംഗങ്ങൾ, വിദ്യാഭ്യാസവിദഗ്ദ്ധന്മാർ, ചലച്ചിത്രവ്യവസായ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു സമിതിയെനിയമിക്കുവാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടെന്നു് മന്ത്രി അറിയിച്ചു. സെൻസർബോർഡിനെക്കുറിച്ച് ഈ സമിതി സമർപ്പിക്കുന്ന ശിപാശ്ശകൾക്ക് അഹമായ പരിഗണന നൽകുന്നതാണെന്നു് അവർ തുടന്നു പ്രസ്താവിച്ചു.

—

മാർച്ചിൽ ഇന്ത്യയുടെ കയററുമതി വദ്ധിച്ചു

ന്യൂഡൽഹി, മേ. 14

ഇക്കൊല്ലം മാർച്ചുമാസം ഇന്ത്യയുടെ കയററുമതിവ്യാപാരം കഴിഞ്ഞകൊല്ലം മാർച്ചിനെ അപേക്ഷിച്ച് 473 ലക്ഷം ക. കണ്ടു് അധികമാണ്. 1965 മാർച്ചിൽ മൊത്തം 76.68 കോടി ക. വിലക്കുള്ള സാധനങ്ങൾ കയററുമതി ചെയ്യപ്പെട്ടു. 1964 മാർച്ചിൽ 71.95 കോടി ക.യ്ക്കു സമമായിരുന്നു ഇതു്.

—

മരിയാസഖ്യവാർഷികം

[സ്വ ലേ] ഇരിങ്ങാലക്കട, മെ 13

മാപ്രാണം പള്ളി ഇടവകയിലെ മരിയാസഖ്യത്തിൻെറ 29-ാംവാഷികം പള്ളിപരിസരത്തിൽവെച്ചു റവ: ഫാ: തോമസിൻെറ അദ്ധ്യക്ഷതയിൽ സാഘോഷം നടന്നിരിക്കുന്നു. സി.സി. അബ്രാഹം, റവ: ഫാ: ജോസഫ് പാറനിലം തുടങ്ങിയവർ പ്രസംഗിച്ചു. 'നക്ഷത്രവിളക്ക്' എന്ന നാടകം തുടങ്ങിയവിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

തോയക്കാവ്, മെ 14

തോയക്കാവ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ഭക്തസംഘടനകളുടെ സംയുക്തവാഷികാഘോഷം 1965 മേയ് 16-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞ് 5 മണിക്ക് പള്ളി അങ്കണത്തിൽവെച്ചു റവ. ഫാദർ ആൻറണി ജോൺ ബി. എ; ബി. എഡ്. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സമ്മേളനത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളും 'എരിയുന്ന ആത്മാവ്' എന്ന നടകവും ഉണ്ടായിരിക്കും

അമേരിക്കൻ പീസ്റ്റോർ വളണ്ടിയർമാർ കേരളത്തിൽ സേവനമനുഷ്ടിക്കും

പുതിയ സംഘങ്ങൾ മേയ് 25_നു് ഇന്ത്യയിലെത്തും

ന്യൂഡൽഹി മേ. 13

അമേരിക്കൻ പീസ്റ്റോർ വളണ്ടിയർമാരുടെ നാലു സംഘങ്ങൾ 1965 മേയ് 25നു് ഇന്ത്യയിലെത്തുന്നതാണ്. ഇതോടെ ഇന്ത്യയിൽ സേവനമനുഷ്ഠിക്കുന്ന വളണ്ടിയർ സംഘങ്ങളുടെ എണ്ണം 14-ം വളണ്ടിയർമാരുടേതു് 400-ം ആയിത്തീരുന്നതാണ്.

വളണ്ടിയർമാർ രണ്ടുകൊല്ലം ഇന്ത്യയിൽ സേവനമനുഷ്ഠിക്കുന്നതായിരിക്കും. ഏകദേശം 30 പേർ വീതം ഉത്തരപ്രദേശിൽ പൈലറ്റ് വ്യവസായ വികസന പദ്ധതികളിലും ആന്ധ്രപ്രദേശിൽ ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസ പദ്ധതികളിലും പ്രവത്തിക്കും. പുതിയ വളണ്ടിയർമാരിൽ ഏകദേശം 60പേർ ഹൈസ്കൂൾ അദ്ധ്യാപകരാണ്. ഇവരിൽ പകുതിപേർ മഹാരാഷ്ട്രത്തിലേക്കു പോകും. ബാക്കിയുള്ളവർ കോഴിവളർത്തൽ വിദഗ്ദ്ധന്മാരാണ്. ഇവർ കേരളം, മൈസൂർ, പഞ്ചാബ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കും.

....

ചന്ദ്രിക
ഔഷധസോപ്പു്
സൗന്ദര്യത്തെ
വർദ്ധിപ്പിക്കുകയും,
ചർമ്മരോഗങ്ങളെ
ഇല്ലാതാക്കുകയും
ചെയ്യുന്നു

നാലാം പഞ്ചവത്സരപദ്ധതിയും കേരളവും (V)

സഹകരണവുംസാമൂഹ്യവികസനവും

നാലാംപദ്ധതിക്കാലത്തു് പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളുടെ പരിധിയിൽ 36 ലക്ഷം ജനങ്ങളെയെങ്കിലും കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഓരോ കാഷിക കുടുംബത്തിൽനിന്നും ഒരാളെങ്കിലും അത്തരം സംഘങ്ങളിൽ അംഗമായിരിക്കണമെന്നാണ് ഇതിൻെറ അത്ഥം. അഞ്ചേക്കറിൽ കുറഞ്ഞ ഭൂമിയുള്ളവക്ക് അവരുടെ കൃഷി ആവശ്യത്തിനുവേണ്ടിവരുന്ന എസ്വകാല വായ്പകൾ മുഴുവൻതന്നെ ഇത്തരം സഹകരണസംഘങ്ങൾക്ക് നൽകാൻ കഴിയണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. മററുള്ള കഷകക്ക് ആവശ്യമായി വരുന്ന വായ്പയിൽ 30ശതമാനമെങ്കിലും നൽകുവാൻ കഴിയണമെന്നും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. വായ്പ നൽകാനായി 44 കോടി രൂപ നാലാംപദ്ധതിക്കാലത്തു് ആകെ വേണ്ടിവരുമെന്നു് കണക്കാക്കിയിരിക്കുന്നു. ഇതിൽ 30 കോടി രൂപ എസ്വകാലവായ്പകളും 6 കോടി രൂപ മദ്ധ്യകാലവായ്പകളും 8 കോടി രൂപ ദീർഘകാലവായ്പകളും ആയിരിക്കും. കൂടുതൽ ഗുദാമുകൾ ഏർപ്പെടുത്തുവാനും വിപണനത്തിനുള്ള സൗകര്യങ്ങൾ വദ്ധിപ്പിക്കാനും കൂടുതൽ ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ പ്രവത്തനത്തിനെല്ലാംകൂടി അഞ്ചുകോടി രൂപ ചിലവു വരുമെന്നാണ് പ്രതീക്ഷ.

മൂന്നാംപദ്ധതിക്കാലത്തേക്ക് രണ്ടരകോടി രൂപയോളം വകകൊള്ളിച്ചിരുന്നെങ്കിലും രണ്ടുകോടി രൂപയേ ചിലവുവരികയുള്ളു എന്നാണ് സൂചന. ഇപ്പോൾ പ്രവത്തനം നടത്തിവരുന്ന കാഷിക വായ്പാസംഘങ്ങളിലൂടെ മൂന്നാംപദ്ധതിക്കാലത്തു് നൽകപ്പെടുന്നവായ്പ 17 കോടിരൂപാവരും.

ബ്ലോക്കുകളുടെ പദ്ധതി പരിപാടികൾ

സംസ്ഥാനമാകെ വികസനബ്ലോക്കുകൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതുകൊണ്ടു് ഗ്രാമങ്ങളിലെ അഭിവൃദ്ധി പരിപാടികൾ പലതും ബ്ലോക്കുകൾമുഖേന ആയിരിക്കും നിവ്വഹിക്കപ്പെടുക. ബ്ലോക്കുകളുടെ പദ്ധതിപരിപാടികൾ നടപ്പിലാക്കുന്നതിനു് 5.86 കോടി രൂപാ ചിലവുവരുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രാമവികസനം പഞ്ചായത്തുരാജ് മുഖേന

സംസ്ഥാനത്തിൽ പഞ്ചായത്തുരാജ് പൂണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടില്ല. പുതുതായി സംഘടിപ്പിക്കപ്പെട്ട പഞ്ചായത്തുകൾക്കു ഒരു വർഷത്തെ മുൻപ് പ്രാബല്യത്തിൽവന്നെങ്കിലും പഞ്ചായത്തു് യൂണിയനുകളും ജില്ലാകൗൺസിലുകളും രൂപീകരിച്ചിട്ടില്ല ഇതിലേയ്ക്കുള്ള ബിൽ കഴിഞ്ഞ ജനകീയ ഗവൺമെൻറ് തയ്യാറാക്കിയെങ്കിലും അതു നിയമമാക്കാൻ ഇടയായില്ല. ഈ പദ്ധതിക്കാലം അവസാനിക്കുന്നതിനുമുൻപുതന്നെ ഈ നിയമം പാസാക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. ഗ്രാമവികസനത്തിനുള്ള മുഴുവൻ ചുമതലയും പഞ്ചായത്തുരാജ് സംഘടനകൾക്ക് നൽകാനാണുദ്ദേശം. ഈ സ്ഥാപനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനായി 4.32 കോടി രൂപാ ചിലവു വരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

കേരളപ്രസ്

രാഷ്ട്രീയ_സാമ്പത്തിക രംഗത്ത്

ഇന്ത്യയും റഷ്യയും തമ്മിലുള്ള സഹകരണം സുശക്തം

ശാസ്ത്രി നല്കിയ ലഞ്ചിൽ കോസിജിൻ

പി. ടി. ഐ. മോസ്കോ, മേ. 14

രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിൽ ഇന്ത്യയും സോവ്യറ്റ് യൂണിയനും തമ്മിലുള്ള സൌഹാർദ്ദവും സഹകരണവും വളരെ ശക്തമാണെന്ന് സോവ്യറ്റ് പ്രധാനമന്ത്രി മി. കോസിജിൻ ഇവിടെ വെച്ച് പ്രസ്താവിച്ചു. ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനുള്ള സാധ്യതകളും നിസ്സീമമാണെന്നും അദ്ദേഹം പറഞ്ഞു. മി. കോസിജിനും ബഹുമാനാർത്ഥം ഇന്ത്യൻ എമ്പസിയിൽവെച്ച് പ്രധാനമന്ത്രി ശാസ്ത്രി നല്കിയ ഒരു ലഞ്ചുസല്ക്കാരത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ ചരിത്രാനുഭവത്തെ പ്രകീർത്തിച്ചുകൊണ്ട്, ഈ നയം തുടരുന്നതിലുള്ള പ്രയാസങ്ങളെ സംബന്ധിച്ചേടത്തോളം സോവ്യറ്റ് ജനത തികച്ചും ബോധവാന്മാരാണെന്നും മി. കോസിജിൻ പറഞ്ഞു. കൂടുതൽ വേഗത്തിൽ ഇന്ത്യൻജനത ഐശ്വര്യത്തിലെത്തിച്ചേരുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അന്തർദ്ദേശീയ കാര്യങ്ങളെസംബന്ധിച്ച് ഒരു രചനാത്മക പങ്കുവഹിക്കുന്നതും സാധ്യമായ വിനിയോഗിക്കുന്നതുമായ ഒരു രാഷ്ട്രമായി ഇന്ത്യയെ കാണുവാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നുവെന്നും കോസിജിൻ പറഞ്ഞു.

ശാസ്ത്രിയുടെ പ്രസംഗം

ലോകത്തു സമാധാനം സ്ഥാപിക്കുന്നതിൽ സോവ്യറ്റ് യൂണിയനിലെയും ഇന്ത്യയിലേയും 70-കോടി ജനങ്ങളുടെ സംയുക്തനിരക്ക് ശക്തമായ സ്വാധീനം ചെലുത്തുവാൻ കഴിയുമെന്ന് പ്രധാനമന്ത്രി മി. ശാസ്ത്രി തന്റെ പാനോപചാര പ്രസംഗത്തിൽ പറഞ്ഞ.

ലോകം ഇപ്പോൾ ഒരു ഗുരുതരമായ പ്രതിസന്ധിയെയാണ്. തരണംചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് ഏഷ്യയിലെ സ്ഥിതിഗതികൾ സംഘർഷാത്മകമാണ് ഈ പ്രദേശത്തെ സംഭവവികാസങ്ങളിൽ നമ്മുടെ ഇരു ഗവണ്മെണ്ടുകൾക്കും അഗാധമായ ഉൽകണ്ഠയാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സാമ്രാജ്യത്വം അവസാനിപ്പിക്കുന്നതിനും വോവ്യറ്റ് യൂണിയൻ സഹായിക്കുന്നതിനെ മി. ശാസ്ത്രി പ്രകീർത്തിക്കുകയുണ്ടായി.

ഏഷ്യയിലെ വിമോചനസമരത്തെ പിന്തുണച്ചുകൊണ്ട് സോവ്യറ്റ് യൂണിയൻ സുപ്രധാനമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളതു്. ഏഷ്യയിലെ പുതുതായി സ്വാതന്ത്ര്യംലഭിക്കുന്ന രാഷ്ട്രങ്ങളുടെ സാമ്പത്തിക വികസനത്തിന്നായും റഷ്യനും പ്രചുര പ്രസംഗത്തിൽ പറഞ്ഞ.

ലോകം ഇപ്പോൾ ഒരു ഗുരുതരമായ പ്രതിസന്ധിയെയാണ്. തരണംചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് ഏഷ്യയിലെ സ്ഥിതിഗതികൾ സംഘർഷാത്മകമാണ് ഈ പ്രദേശത്തെ സംഭവവികാസങ്ങളിൽ നമ്മുടെ ഇരു ഗവണ്മെണ്ടുകൾക്കും അഗാധമായ ഉൽകണ്ഠയാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സാമ്രാജ്യത്വം അവസാനിപ്പിക്കുന്നതിനും സോവ്യറ്റ് യൂണിയൻ സഹായിക്കുന്നതിനെ മി. ശാസ്ത്രി പ്രകീർത്തിക്കുകയുണ്ടായി.

ഏഷ്യയിലെ വിമോചനസമരത്തെ പിന്തുണച്ചുകൊണ്ട് സോവ്യറ്റ് യൂണിയൻ സുപ്രധാനമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളതു്. ഏഷ്യയിലെ പുതുതായി സ്വാതന്ത്ര്യംലഭിക്കുന്ന രാഷ്ട്രങ്ങളുടെ സാമ്പത്തിക വികസനത്തിന്നായും റഷ്യനും സഹായം സുപ്രധാനമായ ഒരു പങ്കുവഹിക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ സോവ്യറ്റ് യൂണിയൻ നല്കുന്ന സഹകരണത്തെസംബന്ധിച്ച ഇന്ത്യയുടെ അനുഭവവും അദ്ദേഹം എടുത്തുപറഞ്ഞു.

അനേക വിഷയങ്ങൾ പരാമർശിക്കപ്പെട്ടു

പ്രധാനമന്ത്രി മി. കോസിജിനുമായി പ്രധാനമന്ത്രി ശാസ്ത്രി ഇന്നലെ മൂന്നു മണിക്കൂറോളം സമയം നടത്തിയ സംഭാഷണത്തിൽ അനേക വിഷയങ്ങൾ പരാമർശിക്കപ്പെട്ടതായി അറിയുന്നു.

കച്ചിൽ പാക്കിസ്ഥാൻ നടത്തിയ ആക്രമണത്തിന്റെ ശരിയായ ഒരു വിവരം മി. ശാസ്ത്രി വിവരിച്ചു കൊടുത്തതായി കണക്കാക്കപ്പെടുന്നു. ചൈനീസ് ആക്രമണവും ഇപ്പോഴത്തെ ചൈനയുടെ നിലപാടും മി. ശാസ്ത്രി പരാമർശിക്കുകയുണ്ടായി.

വിയറ്റ്നാമിലെ സ്ഥിതിഗതികളും സമാധാനപരമായ മാർഗ്ഗത്തിലൂടെ കഴിയും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം സംഭാഷണത്തിൽ ഊന്നിപ്പറയുകയുണ്ടായി.

മി. ശാസ്ത്രി മി. കോസിജിനെ ശനിയാഴ്ച കണ്ട് സംഭാഷണം പുനരാരംഭിക്കുന്നതായിരിക്കും. ഇന്ത്യയുടെ സാമ്പത്തിക വികസനവും 4-ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള സോവിയറ്റ് സഹായവും സംഭാഷണവിഷയങ്ങളിൽ ഉൾപ്പെടുന്നു.

വ്യാപാരം ഇരട്ടിക്കും

1971-ാംകൂടി സോവ്യറ്റ് യൂണിയനും ഇന്ത്യയും തമ്മിലുള്ള വ്യാപാരം ഇരട്ടിക്കുമെന്ന് മി. കോസിജിൻ പറഞ്ഞതായി അറിയുന്നു. പ്രധാനമന്ത്രി മി. ശാസ്ത്രി ഇന്ത്യയിലേക്ക് മടങ്ങുന്നതിനു മുമ്പായി ഇന്ത്യയുടെ നാലാം പദ്ധതിക്കുള്ള സോവ്യറ്റ് സഹായത്തിന്റെ രൂപം വിജ്ഞാപനം ചെയ്യപ്പെടുമെന്നതിന്റെ സൂചനകളുണ്ട്.

സാമ്പത്തിക സംഭാഷണത്തിന്റെ പശ്ചാത്തലമെല്ലാം നേരത്തെതന്നെ പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മി. അശോക മേത്ത ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. സോവ്യറ്റ് നേതാക്കന്മാരുമായുള്ള സംഭാഷണവേളയിൽ മി. മേത്തയും സംബന്ധിച്ചിരുന്നു.

ബ്രഷ്നേവുമായി സംഭാഷണം

സോവ്യറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫീസിൽവെച്ച് പാർട്ടിയുടെ ഒന്നാം സിക്രട്ടറി മി. ലിയോനിഡ് ബ്രഷ്നേവുമായി പ്രധാനമന്ത്രി മി. ശാസ്ത്രി ഒന്നരമണിക്കൂറോളം നേരം സംഭാഷണം നടത്തുകയുണ്ടായി. സംഭാഷണം തികച്ചും സൌഹാർദ്ദപരവും ഹൃദ്യവുമായ ഒരന്തരീക്ഷത്തിലായിരുന്നു. ഇന്ത്യൻ വിദേശകാര്യമന്ത്രി മി. സ്വരൺസിംഗ് അസ്വാസിഡർ മി. ടി എൻ. കൌൾ എന്നിവരും മി. ശാസ്ത്രിയോടൊപ്പമുണ്ടായിരുന്നു. സോവ്യറ്റ് വിദേശകാര്യവകുപ്പു മന്ത്രി മി. കസ്നെത്സോവ്, ന്യൂഡൽഹി എമ്പസിയിലെ മി. അലെക്സി റഡിയോവ് എന്നിവർ മി. ബ്രഷ്നേവിനോടൊപ്പമുണ്ടായിരുന്നു.

.....

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ] മേയ് 13

തടവ് ശിക്ഷ

420 ഗ്രാം കഞ്ചാവ് കൈവശംവെച്ചു തിന്നു കൊക്കാലവെച്ച് കാള്ളിയാത്തു് ഉമ്മർ എന്നൊരാളുടെ പേരിൽ തൃശ്ശൂർ എക്സൈസ് ഇൻസ്പെക്ടർ ചാർജ്ജുചെയ്തിരുന്ന കേസ്സിൽ രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട് പ്രതിയെ മൂന്നുമാസത്തെ തടവുശിക്ഷക്ക് വിധിച്ചിരിക്കുന്നു.

കാറും സൈക്കിളും കൂട്ടിമുട്ടി

പടിഞ്ഞാറെ കോട്ടക്ക് സമീപംവെച്ച് ഒരു കാറും സൈക്കിളും കൂട്ടിയിടിച്ചതിന്റെ ഫലമായി പരിക്കേറ്റ ക്ലബ്ബേരി സ്വദേശി ചിയ്യാരത്ത് കൊച്ചുക്കൻ വാസു (20) എന്നാളെ തൃശ്ശൂർ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. കാറനിവൃത്തനെ കോടിച്ചുപോവുകയാണുണ്ടായതത്രെ.

പൊണ്ണുങ്ങളും മോശമല്ല

അടാട്ടുവെച്ച് സ്ത്രീകൾ തമ്മിൽ നടന്ന ഒരു വഴക്കിൽ കല്ലേറുകൊണ്ടു പരിക്കേറ്റ തെക്കാട്ട ഗോവിന്ദൻനായർ ഭാര്യ തങ്കമണി അമ്മയെ (38) ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

കട്ടികളുടെ തീക്കളി

കട്ടികൾ ഒളിച്ചുകളിക്കുന്നതിനിടയിൽ തീയണഞ്ഞിരുന്ന ഒരു കഴിയിൽ ചെന്ന ചാടിയ ജോസ് (6) എന്ന കട്ടിയെ പൊള്ളലേറ്റ് അരിമ്പൂരിൽനിന്നും ഇവിടെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ചില്ല് വയറിൽ കയറി

പടിഞ്ഞാറെ കോട്ടക്ക് സമീപംവെച്ച് മണ്ണെണ്ണവാങ്ങാൻ പോകുമ്പോൾ വഴിയിൽവീണ കുപ്പി തകരുകയും കുപ്പിച്ചില്ല് വയറിൽ മുളച്ചുകയറുകയും ചെയ്തതിന്റെ ഫലമായി പരിക്കേറ്റ തലക്കോട്ടുകര വീട്ടിൽ മകൻ വിജയനെ (11) ജില്ലാ ആസ്പത്രിയിൽ എത്തിച്ചിരിക്കുന്നു.

കിണറ്റിൽ വീണ് മരിച്ചു

കൊക്കാലെ വാഞ്ചിലോട്ടിനു സമീപമുള്ള കിണറ്റിൽ വീണ് പാലക്കാട് സ്വദേശി ബീവി (17) മരണപ്പെട്ടിരിക്കുന്നു. ബീവി പാമ്പുകളി സംഘത്തിലെ ഒരംഗമാണത്രെ.

ഡി. ഐ. ജി. തൃശ്ശൂരിൽ

റയിൽവേ സ്റ്റേഷൻ ബ്രാഞ്ച് ഡി. ഐ. ജി., ടി. കെ. ഭാസ്കരമാരാർ ഇന്നു വിടയെത്തി സ്പെഷൽ ബ്രാഞ്ച് ഓഫീസ് പരിശോധിച്ചിരിക്കുന്നു.

അടിപിടി

കാര്യാട്ടുകരയിൽവെച്ചുണ്ടായ ഒരടിപിടിയെത്തുടർന്ന് പരിക്കേറ്റ ഭാസ്കരൻ എന്നൊരാളെ ജില്ലാ ആസ്പത്രിയിൽ എത്തിച്ചിരിക്കുന്നു.

സമയത്തെ ചൊല്ലി

ബസ്സുകൾ കൃത്യമായി ഓടിക്കുന്നില്ലെന്നതു സംബന്ധിച്ചുണ്ടായ ഒരടിപിടിയെത്തുടർന്ന് എ. ബി. ടി. ബസ്സ് ഡ്രൈവർ ശങ്കരൻകുട്ടിയെ [41] പരിക്കേറ്റ നിലയിൽ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

.....

ക്രാഫ്റ്റ് പരിശീലനം നിലനിർത്തണം

തളിപ്പറമ്പ് മേയ് 13

ഉത്തരകേരള ക്രാഫ്ട് ടീച്ചേഴ്സ് യൂണിയന്റെ ഒരു യോഗം പ്രസിഡണ്ട് എൻ. കെ. പൊതുവാളുടെ അദ്ധ്യക്ഷതയിൽ ചേർന്ന് തളിപ്പറമ്പ് താലൂക്ക് കമ്മറ്റി രൂപീകരിച്ചിരിക്കുന്നു. പ്രസിഡണ്ടായി കെ. സി. കണ്ണൻ(തളിപ്പറമ്പ്) തിരഞ്ഞെടുക്കപ്പെട്ടു. ടി. പി. കെ. നാരായണൻ (സിക്രട്ടറി) കെ. പി. നാരായണൻ (വൈസ് പ്രസിഡണ്ട്) ശ്രീ. കെ. പി. മേരി (ജോ. സിക്രട്ടറി) വി. വി. ഒതേനൻ നമ്പ്യാർ ഇ. എ. ഈശാനൻ നമ്പൂതിരി എന്നിവരേയും തെരഞ്ഞെടുത്തു. ജൂൺ ആദ്യവാരത്തിൽ തളിപ്പറമ്പ് താലൂക്കിൽ ക്രാഫ്ട് അദ്ധ്യാപകയോഗം വിപുലമായി നടത്തുവാൻ തീരുമാനിച്ചു. വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം പാഠ്യ പദ്ധതിയുടെ അദ്ധ്യാപകരുടെ ലിസ്റ്റ് എത്തിച്ചുകൊടുക്കുവാൻവേണ്ടി മാത്രം ക്രാഫ്ട് അദ്ധ്യാപകരും ഉത്തരകേരള ക്രാഫ്ട് ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡണ്ടിനു് (പി. കെ. രാമനുണ്ണി) വിവരങ്ങൾ അയച്ചുകൊടുക്കണമെന്നും യോഗം അഭ്യർത്ഥിച്ചു. ബന്ധപ്പെട്ടവരെക്കണ്ടു് തങ്ങളുടെ അടിയന്തര പ്രശ്നങ്ങൾ ധരിപ്പിക്കുവാൻ യോഗം തീർച്ചപ്പെടുത്തി. യൂണിയൻ സിക്രട്ടറി വി. കുഞ്ഞൻ മാവിപരിപാടികൾ യോഗത്തിൽ വിശദീകരിച്ചു. ലോകസഹായക സേനാ, ഹോംഗാർഡ്സ് എൻ. സി. സി, എ. സി. സി, സ്കൌട്ടിങ്ങ് എന്നിവയിൽ പരിശീലനം നേടിയ ക്രാഫ്ട് അദ്ധ്യാപകർ രാജ്യരക്ഷക്കു ആവശ്യമായ എല്ലാ പ്രവർത്തനങ്ങളിലും ജാഗ്രുകരായിരിക്കണമെന്ന യോഗത്തിലും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. ക്രാഫ്ട് പരിശീലനം വിദ്യാലയങ്ങളിൽനിലനിർത്തണമെന്ന പ്രമേയവും യോഗം അംഗീകരിച്ചു.

—

മതിലകം ബ്ലോക്കിലെ പ്രവർത്തനപുരോഗതി

മതിലകം മെ. 14

മതിലകം വികസന ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 14.36 ഹെക്ടർ സ്ഥലത്തു ജാപ്പ മാതൃകാകൃഷി ഏർപ്പെടുത്തുകയും 1297 ഹെക്ടർ സ്ഥലത്തു കൂടുതൽ വളം ചെയ്യുകയും 25 കിലോഗ്രാം നല്ല ഇനം വീത്ത് വിതരണം ചെയ്യുകയുമുണ്ടായതായി ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. കൂടാതെ വിത്തുല്പാദനകേന്ദ്രത്തിൽ 232 കിലോഗ്രാം വിത്തുൽപാദിപ്പിക്കുകയും 2562 കിലോഗ്രാം വിത്തു് കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്ത ഇതിനുപുറമെ 3230 തെങ്ങിൻ തൈകളും 7550 കവുങ്ങിൻതൈകളും വിതരണം ചെയ്യപ്പെട്ടു.

....

ഹരിജനക്ഷേമ പ്രവർത്തനങ്ങൾ തൃശ്ശൂർ ജില്ലയിലെ പുരോഗതി

തൃശ്ശൂർ, മേ. 14

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ തൃശ്ശൂർ ജില്ലയിൽ ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 1,85,013 രൂ. ചിലവഴിക്കുകയുണ്ടായി.

.....

കാഞ്ഞാണി മോട്ടോർ യൂണിയൻ ബസ്സ് തൊഴിലാളികൾ സമരത്തിലേയ്ക്ക്

(സ്വ. പ്ര) കണ്ടശ്ശാംകടവ് മെ. 14

നിയമം അനുശാസിക്കുന്ന ആനുകൂല്യാവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി കാഞ്ഞാണി മോട്ടോർ യൂണിയനിൽപെട്ട ബസ്സ് തൊഴിലാളികൾ, ഉടമകൾക്കു നൽകിയ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഒരു സംഘടിതപ്രക്ഷോഭണത്തിലേയ്ക്കു് നിങ്ങിയിരിക്കുന്നു. അതിന്റെ പ്രാരംഭമായി ഇന്നുമുതൽ മെയ് 20 വരെ കരുത്ത ബോഡ്ജ് ധരിച്ചുകൊണ്ടു് ഒരോ തൊഴിലാളിയും അടിയന്തിരാവശ്യവാരമാചരിക്കുകയാണു്. കക്ഷിരാഷ്ട്രീയ ചിന്താഗതികൾ വെടിഞ്ഞ് വർഗ്ഗബോധത്തോടുകൂടി ഒരൊറ്റ യൂണിയന്റെ കീഴിലുള്ള തൊഴിലാളികളുടെ ഈ നീക്കം ബസ്സുടമകളെ വല്ലാതെ വിറളിപിടിപ്പിച്ചിട്ടുണ്ട് തൊഴിലാളികളെ ഭീഷണിപ്പെടുത്തി വെറും വെള്ളകടലാസ്സിൽ ഒപ്പിട്ടു വാങ്ങുവാനും തൊഴിൽനിഷേധം നടത്തുവാൻപോലും മുതലാളിമാർ സന്നദ്ധരായി തുടങ്ങിയിരിക്കുന്നു.

അടിയന്തിരാവശ്യങ്ങളും പ്രക്ഷോഭണപരിപാടികളും വിശദീകരിക്കുവാൻ കാഞ്ഞാണി സെന്ററിൽ നടത്തപ്പെട്ട യോഗത്തിൽവെച്ച് 'കാഞ്ഞാണി മോട്ടോർ തൊഴിലാളിയൂണിയൻ' ഓഫീസ് ഉൽഘാടനം ചെയ്തുപ്പെട്ടു. തദവസരത്തിൽ ശ്രീമാന്മാർ കെ.പി. പ്രഭാകരൻ, ടി. ഡി. പാപ്പച്ചൻ, ടി. കെ. കൃഷ്ണൻ, എ. എം. പരമൻ തുടങ്ങിയവർ പ്രസംഗിച്ചു.

....

കള്ളക്കടത്ത് സംഘത്തിന്റെ നേതാവ് കേസിൽ നിടയ്ക്ക് മരിച്ചു

"ശിഷ്യ"നു തടവുശിക്ഷ

ന്യൂഡൽഹി, മേ. 14

ക്ലീയറിംഗ് ഏജൻസിനടത്തുന്ന ഒരു കമ്പനിയുടെ പ്രതിനിധിയായ ശ്രീ. അനിൽകുമാർ ഭട്ടാചാർജിയെ ഈയിടെ കൽക്കത്തയിലെ പ്രസിഡൻസി മജിസ്ട്രേട്ട് രണ്ടുകൊല്ലം കഠിനതടവനുഭവിക്കാനും 2000രൂ. പിഴയടക്കാനും പിഴയടയ്ക്കാത്ത പക്ഷം ആറുമാസം കൂടി കഠിനതടവിൽ കഴിയാനും ശിക്ഷിക്കുകയുണ്ടായി. കള്ളക്കച്ചവടം നടത്തിയ മെ. റഫേൽ ബ്രദേഴ്സിന്റെ ഓണർ റഫേൽ കേസിനിടയ്ക്ക് മരിച്ചതിനാൽ ശിക്ഷ വേണ്ടി വന്നില്ല.

അഴിമതി നിവാരണ ശ്രമങ്ങളുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര വകുപ്പിലെ സ്പെഷ്യൽ പോലീസ് വിഭാഗം നടത്തിയ അന്വേഷണങ്ങളുടെ ഫലമാണിതു്. കേസ് സംബന്ധിച്ച വസ്തുതകൾ താഴെ കൊടുക്കുന്നു.

കൽക്കത്തയിലെ മെ. റഫേൽ ബ്രദേഴ്സ് എന്ന കമ്പനി 1959-ൽ ഏഴുലക്ഷം രൂ. യുടെ തുണിത്തരങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് കയറുമതി പ്രോത്സാഹന പദ്ധതിയനുസരിച്ചു് ഇറക്കുമതി ലൈസൻസിനു് അപേക്ഷിച്ചു. ബ്രിട്ടനിലേയ്ക്കു് റെഡിമേഡ് വസ്ത്രങ്ങൾ കയറ്റി അയക്കാൻ ലണ്ടനിലെ മെ. ആർനിറാക്സ് ആൻഡ് കമ്പനി ഓർഡർ അയച്ചിട്ടുണ്ടെന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു അപേക്ഷ.

മെ. റഫേൽ ബ്രദേഴ്സ് നൽകിയ ചില ഉറപ്പുകൾ ആസ്പദമാക്കി മൂന്നു ലക്ഷം രൂ. യ്ക്കു് ഇറക്കുമതി ലൈസൻസ് അനുവദിക്കപ്പെട്ടു. കയറുമതി ആരംഭിക്കുന്നതിനുള്ള ഉറപ്പുകൾ പാലിക്കുന്നതിനും ഇതിന്റെ കണക്കുകൾ മാസം തോറും സമർപ്പിക്കണമെന്നും ലൈസൻസിൽ വ്യവസ്ഥചെയ്തിരുന്നു.

കമ്പനി ഈ വ്യവസ്ഥ ലംഘിച്ചതിനെത്തുടർന്ന് അതു നൽകിയിരുന്ന ബോണ്ടുകൾ കണ്ടുകെട്ടി. ഇറക്കുമതി ലൈസൻസ് തെറ്റായ വിവരങ്ങൾ നൽകി സമ്പാദിച്ചതാണെന്നും ലണ്ടനിലെ കമ്പനി അയച്ചുകൊടുത്തതായി സൂചിപ്പിച്ചിരുന്ന കത്തു് യഥാർത്ഥമല്ലെന്നും അന്വേഷണത്തിൽ മനസ്സിലായി. പരിശോധനയ്ക്കിടയിൽ ശ്രീ. റഫേലിന്റെ വസതിയിൽനിന്ന് ലണ്ടൻ കമ്പനിയുടെ ഉപയോഗിക്കാത്ത എതിനും ലറർ ഹെഡ് പ്രോറങ്ങൾ പിടിച്ചെടുക്കുകയുണ്ടായി.

ബ്രിട്ടനിൽ ആർനിറാക്സ് കമ്പനി എന്നൊരു സ്ഥാപനമില്ലെന്നും ഇറക്കുമതി ലൈസൻസ് ഇന്ത്യയിലെ ഒരു കക്ഷിക്കു് വിൽക്കുകയാണുണ്ടായതെന്നും ലണ്ടനിലെ അന്വേഷണങ്ങൾക്കിടയിൽ വെളിപ്പെട്ടത്തി. ഇറക്കുമതി ചെയ്യു ഉണിത്തരങ്ങൾക്കും അനധികൃതമായി കൽക്കത്ത തുറമുഖത്തുനിന്ന് നീക്കാൻ ഏർപ്പാടുചെയ്തുതു് ആദ്യം പറഞ്ഞശ്രീ. ഭട്ടാചാർജിയാണെന്നും ഉണിക്കും പിന്നിട് കമ്പോളത്തിൽ എത്തുകയുണ്ടായെന്നും വിശദമായ അന്വേഷണം തെളിയിച്ചു.

ഗാന്ധിജിയുടെ ഊർദ്ധ്വകായ പ്രതിമ അമേരിക്കൻ കലോത്സവത്തിൽവച്ച് ഇന്ത്യയ്ക്ക് സമ്മാനിക്കുന്നു

യോങ്കേഴ്സ് (ന്യൂയോർക്ക്), മേ. 14

ടെമ്പിടം എമ്മാനുവേലിൽ മേയ് 16-ാംനു ഉൽഘാടനം ചെയ്യുന്ന ഒരു നീഗ്രോകലോത്സവത്തിൽവച്ച് മഹാത്മാഗാന്ധിയുടെ ഒരു ഊർദ്ധ്വകായ വെങ്കലപ്രതിമ ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറലിനു് സമ്മാനിക്കുന്നതാണു്. ഈ കലോത്സവം രണ്ടാഴ്ചക്കാലത്തേയ്ക്കുണ്ടായിരിക്കും.

ഇന്ത്യൻ നയതന്ത്രപ്രതിനിധി ഈ പ്രതിമ സ്വീകരിക്കുന്നതും ഇന്ത്യാഗവണ്മെണ്ടിനു അയച്ചുകൊടുക്കുന്നതുമാണു്. ഐക്യരാഷ്ട്രങ്ങളിലെ ഇന്ത്യൻപ്രതിനിധികളിൽ പലരും ഇന്ത്യൻ കോൺസുലേറ്റ് ഉദ്യോഗസ്ഥന്മാരും ഈ ചടങ്ങിൽ പങ്കെടുക്കുന്നതാണു്.

"അഹിംസാ സിദ്ധാന്തത്തിനുവേണ്ടി മഹാനായ ആ മനുഷ്യൻ നൽകിയ നേതൃത്വത്തിനുള്ള ഉപചാരമെന്ന നിലയിൽ" ഗാന്ധിജിയുടെ ഈ പ്രതിമ താൻ കൊത്തിയുണ്ടാക്കിയെന്നു്, കലോത്സവത്തിന്റെ ചെയർമാൻ മിസ്സിസ് യൈറാ കോളിൻ പ്രസ്താവിച്ചു. ഇതു വച്ചു് വാങ്ങാത്ത ഒരു പ്രതിമ ഈ ക്ഷേത്രത്തിലെ 'പ്രശസ്തിയുടെ ശാല'യിൽ സ്ഥാപിക്കുന്നതാണു്. പ്രദർശനം മേയ് 29 വരെ നീണ്ടുനില്ക്കും.

കോൺഗ്രസ്സ് നടുവാഴുമ്പോൾ....

അന്തിയായാൽ വിളക്കു വെയ്ക്കാത്ത വീടുകൾ

(സ്വ പ്ര) എറണാകുളം, മെയ് 14

എറണാകുളത്തും കൊച്ചിയിലും പരിസരപ്രദേശങ്ങളിലും മണ്ണെണ്ണയുടെ വിതരണം നിശ്ശേഷം നിലച്ചനിലയായിരിക്കുന്നു. പാവപ്പെട്ടവരെ പ്രത്യേകിച്ചും ഇതു വളരെ കഷ്ടപ്പാടിലെത്തിച്ചിട്ടുണ്ടു്.

ഈ മാസംമുതൽ ഇന്ത്യൻ ഓയിൽകമ്പനി മണ്ണെണ്ണവിതരണം നടത്തുമെന്ന അടിസ്ഥാനത്തിൽ വിദേശകമ്പനികൾ മണ്ണെണ്ണ ഇറക്കുന്നതിനെ കേന്ദ്രഗവണ്മെണ്ടു് തടഞ്ഞതുകൊണ്ടാണു് മണ്ണെണ്ണക്ക് ക്ഷാമം നേരിട്ടതെന്നാണ് കച്ചവടക്കാർ പറയുന്നതു്. എന്നാൽ സപ്ലൈചെയ്യാൻ ആവശ്യമായ മണ്ണെണ്ണ ഐ. ഓ. സി. ഒട്ടസ്സോക്കുചെയ്യുമില്ല തെ. കൊച്ചിയിലേക്ക് വന്ന ഒരു മണ്ണെണ്ണ കപ്പൽ കേന്ദ്രനിർദ്ദേശപ്രകാരം ബോമ്പെയിൽ ഇറക്കുകയുമുണ്ടായത്രെ.

മണ്ണെണ്ണയുടെ ക്ഷാമം പറയുന്നതൊഴിച്ചാൽ കച്ചവടക്കാർ പൂഴ്ത്തിയ മണ്ണെണ്ണ കൂടിയവിലക്ക അല്പസ്വല്പം വിൽക്കുന്നുമുണ്ടു്.

വാടാനപ്പള്ളി

(സ്വ പ്ര)

ഇന്ത്യനോയിൽ വിതരണത്തിൽ കേന്ദ്രഗവണ്മെണ്ടു് സ്വീകരിച്ച പിന്തിരിപ്പൻനയവും എണ്ണവ്യവസായത്തിലെ കുത്തകമുതലാളിമാരുടെ പ്രതികരണടപടികളും ചേർന്നപ്പോൾ, അരിക്കുവേണ്ടി പൊതുനിരത്തിൽ നിരന്നുനിന്ന് ശീലിച്ച സാധുജനങ്ങൾക്കും മണ്ണെണ്ണക്കുവേണ്ടി കാത്തുകിടക്കേണ്ടിവന്നിരിക്കുന്നു. രാത്രിയായാൽ വിളക്കുകൊളുത്താത്ത വീടുകളും ബോട്ടുഗതാഗതം നിന്നിവെച്ച മേജർ കടത്തുകളും ഉണ്ടായിരിക്കുന്നു. 30പൈസയുണ്ടായിരുന്ന ഒരു കുപ്പി മണ്ണെണ്ണക്ക് 90 പൈസയായി വർദ്ധിച്ചിരിക്കയാണു്. കരിന്തിരി കത്തുന്ന ചുമന്ന മണ്ണെണ്ണക്കുപോലും 54 പൈസ വിലയായിരിക്കുന്നു.

മട്ടാഞ്ചേരി

(സ്വ ലേ)

മട്ടാഞ്ചേരി പ്രദേശങ്ങളിൽ മണ്ണെണ്ണ സ്റ്റൂവേണ്ടി രാവിലെമുതൽ പാട്ടയും കുപ്പിയുമായി ജനങ്ങളും അലഞ്ഞുതിരിയുന്ന രംഗം ദയനീയമാണ്. ഇപ്പോൾ ഒരു ലിറ്ററർ മണ്ണെണ്ണ കരിഞ്ചന്തയിൽ 85 പൈസവരെയായിട്ടുണ്ടു്.

—

സ്പീകരണം

[സ്വ ലേ] പറപ്പൂക്കര മേ. 14

കേരളാ കോൺഗ്രസ്സിന്റെ ഒന്നാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു് തൃശ്ശൂരിലേയ്ക്കു് പുറപ്പെട്ട പരേതനായ പി. ടി. ചാക്കോയുടെ ചിത്രത്തിനും കേരളാ കോൺഗ്രസ്സ് പതാകയ്ക്കും ഇന്നിവിടെയെത്തിയപ്പോൾ പാറപ്പുക്കര മണ്ഡലാതിർത്തിയിൽവച്ച് ഒരു സ്വീകരണം നൽകപ്പെട്ടിരിക്കുന്നു.

കേരളാ കോൺഗ്രസ്സ് മണ്ഡലം പ്രസിഡണ്ട് പി. ജോസഫ്, സെക്രട്ടറി വി. കെ. യോഹന്നാൻ എന്നിവർ ഹാരാർപ്പണം നടത്തി.

കലക്ടറേറ്റ് സമരക്കാർക്ക് പിഴശിക്ഷ

[സ്വ. ലേ] തൃശ്ശൂർ, മേയ് 13

ക്ഷേമ്യസമരം സംബന്ധിച്ച് കലക്ടറേറ്റിൽ സമരം ചെയ്തതിനു് 64 ആഗസ്റ്റ് 26നു് ഇ. ഗോപാലകൃഷ്ണമേനോൻ തുടങ്ങി 40പേരുടെ പേരിലും ആഗസ്റ്റ് 27നു് പങ്കി തുടങ്ങി നാല്പതുപേരുടെ പേരിലും വെസ്റ്റ്ഫോർട്ട് പോലീസ് പാജ്ജുചെയ്തിരുന്ന കേസിൽ എല്ലാവർക്കും 5രൂ. വീതം ജില്ലാമജിസ്ട്രേട്ട് കെ. പരമേശ്വരൻപിള്ള പിഴശിക്ഷ വിധിച്ചിരിക്കുന്നു.

ചിത്രകലാ പ്രദർശനവും സമ്മാനദാനവും

ടൌൺഹ